THE CHURCH WEEKLY

Vol. VIII. | SUNDAY 21st FEBRUARY 1954 | PRICE 2 ANNAS PER COPY | NO. 8

ANGLICANS ANONYMOUS

A Roman Catholic Reply to 'Infallible Fallacies'.

(Fr. C A Abraham M. A. B. D.)

The Roman Catholics have not been slow to answer the charges made against them by "Some Priests of the Anglican Communion" in 'Infallible Fallacies'. I do not particularly like religious controversy, but I thought that since I wrote about the Anglican point earlier I must in fairness write about the Roman Catholic counterpoint. Moreover, I chanced to be the other day in the Roman Catholic Church at Kensington (London), when Fr. Joseph Christie, S J., the author of the Roman Catholic pamphlet, happened to be preaching. I rather liked him!

"Anglicans Anonymous" is not an exhaustive reply to all the points raised in "Infallible Fallacies" It is a sort of running commentary. The author starts off by trying to discover why the Anglicans and other Protestants have now resurrected the old arguments. "Certainly it has a masty smell". He puts it down to the inward struggles of Protestantism. Fr. Christie says that Protestants are strugg-g with adversity and that there in their camp a certain alarm despondency. The result is that y yield to the temptation to n strength by minimising dif-nce and emphasising a mere -window unity. An attempt is to maintain unity through proval of the Catholic Church. a desperate remedy for a des- situation, but it is unlikely ffective. Fr Christie claims the last fifty years Catholic on the whole have not been but were putting for- guments for the his- with rancour to none.

But the Protestants would say that the Catholics are intrasigent. It is symptomatic of the failings of erastian and heretic bodies that they find in a clear statement of truth a form of attack upon themselves.

Refering to the suggestion that the Roman Catholics are wanting now to drop the word 'Roman', the writer says that they are proud of the word. "Why should we be ashamed of St. Irenaeus and St. Ignatius of Antioch, who directed our love and reverence towards Rome?" But the basic difference always had been between Catholic and Protestant and since the Reformation the distinction remained clear until Newman upset the applecart The Catholics have to carry the Holy Mass into the four corners of the land and plant the church. It shows confusion of thought to complain about interference in areas where others are already functioning. The Roman Catholics re-baptise Protestants not because they want to insult them but because those who seek to be received into the Catholic Church insist on receiving conditional re-baptism. This is a direct result of the slackness in doctrine and discipline characteristic of the Protestant Churches.

The accusation that Rome while giving the impression of being opposed to divorce circumvents the rule through casuistry, is not true. On the other hand not all Anglicans are prepared to stand by the consequences of defending the sacrament of marriage in a pagan society. Roman Catholics hold that when Protestants marry in their own churches or in registry offices the marriages are binding and valid until the contrary is proved. This prevents people from joining Rome in order to get their marriages declared void.

A large section of the book-let is devoted to the justification of the Roman attitude to Anglican Orders. The Catholic Church ordains priests to offer the Sacrifice of the Mass. To say that the Anglicans never repudiated the sacrifice of the Mass is to make nonsense of the history of England. At the Reformation men were killed for saying Mass and people persecuted for hearing it. To go back on the destruction of the Mass is to go back on the Reformation. Thus the Anglican who calls himself a priest in the Catholic sense repudiates the mother who gave him birth. If the Catholic Church had not clung to the Mass through the centuries, the Anglican Church (or parts of it) would never have thought of claiming today the right to offer it. If they wish to say Mass, they must receive the necessary Orders which can only be done by returning to the Church of their ancestors. Certainly when Leo xiii declared Anglican Orders to be invalid he was not doing so without a knowledge of the English Ordinal and its Preface and the prevailing teaching in the Anglican Church.

The arguments against the supremacy of the see of St Peter is not at all impressive when made by the Anglican Church, for it is certain that before the Reformation the English Christians were in full obedience to Rome. One of the

പള്ളി

I

(എം. റ്റി. ഇട്ടിരാമല്ലാൻ കോതമംഗലം)

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടപ്പോൾ നീതിമാനും പരിശുദ്ധനും ഭാഗ്യവാനും ആയിരുന്നു. ഏകദൈവത്തെ അറിയുന്നതിനുള്ള ബുദ്ധിയും സ്നേഹിക്കുന്നതിനുള്ള മനസ്സും ആരാധിക്കുന്നതിനുള്ള കഴിവും അവനുണ്ടായിരുന്നു. ജ്ഞാനസമ്പാദനത്തിനു പുസ്തകമോ അദ്ധ്യയനമോ അവനാവശ്യമായിരുന്നില്ല. അവന്റെ മനസ്സ് നേരുള്ളതും ദുർവാസനയില്ലാത്തതും ആയിരുന്നു. അവന്റെ ആത്മസമാധാനത്തെ ലംഘിക്കുവാൻ യാതൊന്നുകൊണ്ടും സാധ്യമായിരുന്നില്ല. ശരീരാസ്വാസ്ഥ്യങ്ങളോ രോഗങ്ങളോ അവനിൽ പ്രവേശിക്കുമായിരുന്നില്ല.

ഈ വക ദാനങ്ങൾ മനുഷ്യനു സ്ഥിരമായി ഉറപ്പിച്ചു കൊടുക്കുന്നതിനു മുമ്പ് അവന്റെ സ്വാതന്ത്ര്യത്തെ പരിശോധിക്കുവാൻ ദൈവം തിരുമനസ്സായി. തന്മൂലം അവനെ പറുദീസായിലാക്കി. പറുദീസായിലുള്ള എല്ലാവൃക്ഷത്തിന്റെയും ഫലങ്ങൾ ഭക്ഷിപ്പാൻ അനുവദിച്ചു എങ്കിലും നടുവിൽ നിൽക്കുന്ന ഒരു പ്രത്യേകവൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുന്നതു മാത്രം വിലക്കി. (ആദ്യ 2.—17)

ഈ കല്പന കാക്കുന്നതു് നമ്മുടെ ആദ്യമാതാപിതാക്കൾക്കു് നിഷ്പ്രയാസം സാധിക്കുമായിരുന്നു എന്നുവേണം വിചാരിപ്പാൻ. എന്തെന്നാൽ അവർ അന്നു കേവലം പരിശുദ്ധരും ദുർവാസനയില്ലാത്തവരും ആയിരുന്നു. പോരെങ്കിൽ അവർക്കു് നന്മയ്ക്കായിരുന്നു കൂടുതൽ ചായ്‌വുണ്ടായിരുന്നതു്. കൂടാതെ പ്രമാണലംഘനം മരണത്താൽ ശിക്ഷിക്കപ്പെടുമെന്നു് കൂടി അവർ ഗ്രഹിച്ചിരുന്നു. എങ്കിലും പ്രമാണം ലംഘിപ്പാൻ ഇടയായി എന്നേ പറയേണ്ടതുള്ളു. ദൈവം പ്രമാണം കൊടുത്തിരുന്നതു് ആദാമിനായിരുന്നു. എങ്കിലും ആദാമിൽ നിന്നു ഹവ്വായും ഹവ്വായിൽ നിന്നു സാത്താനും [സർപ്പംവഴി) ഗ്രഹിക്കയും പ്രമാണത്തെ തകിടംമറിച്ചു് വ്യാഖ്യാനിച്ചു് സാത്താൻ ഹവ്വായെ വഞ്ചിക്കുകയും ഹവ്വാമൂലം ആദാം വഞ്ചിക്കപ്പെടുകയും ചെയ്തു. ഇപ്രകാരം വിലക്കപ്പെട്ട ഫലം പറിച്ചു ഭക്ഷിച്ചു ഇരുവരും പാപത്തിൽ ഉൾപ്പെട്ടു. ഈ പാപം ആദാമിന്റെ സന്താനങ്ങളായ മനുഷ്യകുലത്തിനാകെ ബാധിച്ചു. എന്തെന്നാൽ ഈ പ്രമാണം കാക്കുന്നതിൽ മാത്രമേ മനുഷ്യകുലത്തിന്റെ ഭാഗ്യാഭാഗ്യങ്ങൾ നിക്ഷേപിച്ചിട്ടുണ്ടായിരുന്നുള്ളു. അതിനാൽ നമ്മുടെ ആദ്യമാതാപിതാക്കൾക്കു് കർമ്മപാപമായിവന്നു കൂടിയതു ജന്മപാപമായി തീരുവാൻ ഇടയായി. ഈ പ്രമാണലംഘനം ഒഴിച്ചു മറുവല്ല പാപവും അവർ ചെയ്തിട്ടുണ്ടെങ്കിൽ അതു നമ്മിൽ ബാധിച്ചിട്ടില്ല. ബാധിക്കേണ്ട ആവശ്യവുമില്ല.

ഇപ്രകാരം വിലക്കപ്പെട്ട ഫലം ഭക്ഷിച്ച മാത്രയിൽ തന്നെ ആദാമിന്റെ പ്രകൃതി വളരെ വ്യത്യാസപ്പെട്ടുപോയി. സൃഷ്ടിയിൽ നിക്ഷിപ്തമായിരുന്ന വിശിഷ്ടദാനങ്ങളെല്ലാം നഷ്ടപ്പെട്ടു. ആത്മാവിൽ അന്ധകാരം വ്യാപിച്ചു. മനഃശ്ചേഷ്ടിതങ്ങൾ വികൃതങ്ങളായി. ആശാപാശങ്ങൾ ബുദ്ധിന്യായത്തെ ഇരുണ്ടതും അദരഷം ദുർവാസനയുള്ളതും പാപത്തിലേക്കു് അത്യധികം പാച്ചിലുള്ളതുമാക്കി തീർത്തു. തന്മൂലം ദൈവത്തെ അറിയുന്നതിനുള്ള ബുദ്ധി സാത്താനെ അറിയുന്നതിനും ദൈവത്തെ സ്നേഹിക്കുന്നതിനുള്ള മനസ്സ് സാത്താനെ സ്നേഹിക്കുന്നതിനും ദൈവത്തെ ആരാധിക്കുന്നതിനുള്ള കഴിവ് സാത്താനെ ആരാധിക്കുന്നതിനും ഉപയോഗിച്ചു. അങ്ങനെ സ്രഷ്ടാവിനെ ഉപേക്ഷിക്കുകയും ചെയ്തു.

തൽകാരണത്താൽ ദൈവസാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടവനായ ആദാമിൽ നിന്നു സാദൃശ്യം നഷ്ടപ്പെട്ടുപോയി എങ്കിലും സ്വരൂപം നിലനിന്നതിനാൽ ദൈവനീതിക്കനുസരണമായി ശിക്ഷിച്ചു് പറുദീസായിൽ നിന്നു പുറത്താക്കുകയും കരുണക്കനുസരണമായി രക്ഷിച്ചുകൊള്ളാമെന്നു വാഗ്ദത്തം ചെയ്കയും ചെയ്തു. ഇപ്രകാരം ആദാം പറുദീസായിൽ നിന്നു പുറത്താക്കപ്പെട്ടു ഭൂവാസിയായി തീർന്നു.

അതിനുശേഷം ആദാമ്യസന്താനങ്ങൾ വർദ്ധിക്കുവാനും ഭൂമിയുടെ നാനാഭാഗങ്ങളും അവരെകൊണ്ടു് നിറയുവാനും തുടങ്ങി. സാത്താനെ അറിയുകയും സ്നേഹിക്കുകയും ചെയ്തതിനനുസരണമായി പൈശാചിക ആരാധനയ്ക്കു അവ[illegible]ർ ഒരുമ്പെട്ടു. അവരുടെ ആരാധ്യനാ[illegible] സാത്താൻ വന്മരങ്ങളുടെ മുകളി[illegible] നീരുറവകളുടെ സ്ഥലത്തും വിചിത്ര[illegible]യ പാറകളിലും ഉയർന്ന മലകളുടെ[illegible] കൽപ്പുറപ്പിലും പ്രത്യക്ഷപ്പെട്ടുമെ[illegible] സങ്കല്പിച്ചു് അപ്രകാരമുള്ള സ്ഥല[illegible]ളിൽ ഓരോരോ വിഗ്രഹങ്ങളെ ഉ[illegible]ക്കി അവയെയും കല്ലുകൊണ്ടോ അ[illegible]ര എന്നമരം കൊണ്ടോ ഉണ്ടാക്ക[illegible]ാരോ തൂണുകളേയും പ്രതിഷ്ഠി[illegible]രാധിപ്പാൻ തുടങ്ങി. "അക്ഷ[illegible] ദൈവത്തിന്റെ തേജസ്സിനെ [illegible]ള്ള മനുഷ്യൻ, പക്ഷി, നാൽ[illegible]ഴജാതി എന്നിവയുടെ സാ[illegible]ളായി മാറി

bad effects of the Reformation has been the loss among Protestants of a true conception of what the Church is meant to do beyond avoiding trouble with the mentality current in any given age. The Catholic Church renews herself in every age while the progress of history shows the decay of Protestanism. It is the difference between theological anaemia and the development of doctrine. The individual, in the Protestant tradition, claims inspiration for himself, but will not allow it for the corporate body. The result is doctrinal chaos.

Fr. Christie treats with withering scorn the idea that the Church of Rome caused the schism in England by breaking away. It reminds him of the story of the elephant and the mouse. "You are very small", said the elephant to the mouse. "Yes, I know", replied the mouse, "but I have been unwell lately"! The author is at his sarcastic best (or worst) when he says that the names of Pope Joan and Maria Monk, usually used in attacks on Catholics, should have been included in 'Infallible Fallacies' He says that such omission offends one's sense of what is fitting! As for dark hints that Catholics persecute Protestants up and down the world, the author asks for more definite facts. To the problem of intolerance on the part of Catholics, he invites others to study what famous people like Maritain have said about it.

I think I had better leave this summary of the book-let without any comments of my own For there is much in the Anglican Church that I have learned to value and there is so much in the Roman Catholic Church that I admire and respect.

(റൊ 1-23)എങ്കിലും വാഗ്ദത്തത്തിൽ വിശ്വസിക്കുകയും തൻമൂലം സ്രഷ്ടാവിനെ ഓർക്കുകയും ചെയ്തിരുന്ന ചിലർ അന്നും അവരുടെ ഇടയിൽ ഉണ്ടായിരുന്നു. ഹാബേൽ നോഹ മുതലായവർ ദൈവത്തെ ആരാധിക്കുകയും തനിക്ക് ബലി അർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇവരാകട്ടെ നിങ്ങളും ദൈവത്തെപ്പോലെയാകുമെന്ന് സാത്താൻ പഠിപ്പിച്ചതനുസരിച്ച് അവരുടെ മനസ്സുകൊണ്ട് പിടിച്ചടക്കുവാൻ സാധിക്കാത്തതായി കാണുന്നവയെല്ലാം ദൈവമാണെന്നു വിശ്വസിക്കുകയും അവയെ ആരാധിക്കുകയും ചെയ്‌വാൻ മടിച്ചില്ല. ആദ്യം സൂര്യനെ ആരാധിച്ചവർ കാലാന്തരത്തിൽ അതിന്റെ പ്രഭകണ്ടു ആ പ്രഭയെ ദൈവമായി ആരാധിച്ചു. അനന്തരം ഭൂമിയിൽ പ്രകാശം തരുന്ന അഗ്നിയെയും ദൈവമായി ആരാധിച്ചുവരുവാനാരംഭിച്ചു. ഇപ്രകാരം വിഗ്രഹാരാധന ക്രമേണ വർദ്ധിച്ച് പുരാതന രാജാക്കന്മാരുടെയും വീരശൂരന്മാരെയും എന്നല്ല അവരുടെ പ്രതിമകളെയുംകൂടി ദൈവമായി സ്വീകരിച്ചു വന്ദിച്ചു. തന്മൂലം ചില രാജാക്കന്മാർ ജീവിച്ചിരിക്കയിൽതന്നെ തങ്ങൾക്ക് ദൈവാരാധന ചെയ്യണമെന്ന് ആവശ്യപ്പെടുവാൻപോലും മടിച്ചില്ല. നെബുക്കദ്നേസർ രാജാവിന്റെ പ്രതിമയെ ആരാധിക്കാഞ്ഞതിനിലാണ് ബാബിലോണിൽ മൂന്നു എബ്രായ കുട്ടികൾ അഗ്നിച്ചൂളയിൽ ഇടപ്പെടുവാൻ സംഗതിയായത് (ദാനി. 3) മാത്രമല്ല ഗൃഹവിഗ്രഹങ്ങൾപോലും അവർക്കുണ്ടായിരുന്നു. റാഹേൽ യാക്കോബിനോടുകൂടെ ലാബാന്റെ ഭവനത്തിൽനിന്ന് പോരികയിൽ അവൾ കയറിയിരുന്ന കഴുതയുടെ ജീനിക്കടിയിൽ വച്ചു കൊണ്ടുപോന്നു എന്നു പറയപ്പെടുന്ന വിഗ്രഹം ഗൃഹവിഗ്രഹമായിരുന്നു (സ്വർണ്ണം) ഇപ്രകാരം വിഗ്രഹാരാധന ക്രമേണ വർദ്ധിച്ചു ബലപ്പെടുകയും വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചു അവർക്ക് ബലി അർപ്പിക്കുവാൻ വി...ഹക്കാവുകൾ, അമ്പലങ്ങൾ, ശ്രീ...കോവിലുകൾ മുതലായവ നിർമ്മിക്കപ്പെടുകയും ചെയ്തു. അവയിൽ യാഗ...ങ്ങളും ഉണ്ടായിരുന്നു. ഒരു പാ...ട ഉപരിതലം നിരപ്പാക്കി യാഗ... സ്വീകരിക്കത്തക്കവണ്ണം അതി...ഴികൾ വെട്ടിയുണ്ടാക്കുകയും അ...ൽ ബലികഴിക്കുകയും ചെയ്തിരു...ല സ്ഥലങ്ങളിൽ മൺകുന്നും ...സ്പെടുത്താത്ത കല്ലുകൾ ...ി അതും യാഗപീഠമായി സ്വീകരിച്ചുപോന്നിരുന്നു.(പുറ. 20 25) അവയിലെ നിവേദ്യം ഭക്ഷ്യധാന്യങ്ങളും, അറുത്തു ബലി അട്ടമാടുകളും മററും ആയിരുന്നു. നരബലികളും ധാരാളം ഉണ്ടായിട്ടുണ്ട്.

പറുദൈസായിൽ വച്ചുണ്ടായ വാഗ്ദത്തശേഷം ഏകദേശം രണ്ടായിരത്തിമുന്നൂറോളം സംവത്സരം കഴിഞ്ഞ് വാഗ്ദത്തം പുതുക്കേണ്ടിയകാലം സമീപിച്ചു. ജനം സാത്താനെ അറിയുന്നതിലും സ്നേഹിക്കുന്നതിലും ആരാധിക്കുന്നതിലും വളരെ വളരെ ക്രൂതലായി ഉയർന്നു ബാബിലോൻ, അശ്ശൂർ, മിസ്രയിം, കനാൻ മുതലായ രാജ്യങ്ങളിലും ജനങ്ങൾ നിവസിക്കുന്ന മററു രാജ്യങ്ങളിലും പൈശാചിക ആരാധനയല്ലാതെ മറെറാന്നും കാണപ്പെട്ടിരുന്നില്ല. ജനങ്ങൾ യഹോവായെ തീരെ ഉപേക്ഷിച്ചു. ആകാശ ദേവൻ എന്നു പറയുന്ന ബേൽ വിഗ്രഹം, ഭൂമിദേവി, സൂര്യദേവൻ, ചന്ദ്രദേവി, കാമദേവി മുതലായവയായിരുന്നു ബാബിലോന്യരുടെ ദേവന്മാർ. ഈ ദേവന്മാർക്കെല്ലാം ക്ഷേത്രങ്ങളും ഭീമങ്ങളായ സ്വർണ്ണബിംബങ്ങളും ഭണ്ഡാരങ്ങളും ഉണ്ടായിരുന്നു. അവയിൽ അവർ ധാരാളം വഴിപാടുകളും യാഗങ്ങളും ബലികളും അർപ്പിച്ച് ഏററവും കോലാഹലത്തോടുകൂടെ ഘോഷയാത്രചെയ്ത് ഉത്സവം അഘോഷിച്ചുവന്നു. അവരിൽ പുരോഹിതന്മാരുമുണ്ടായിരുന്നു. അവർ രാജാക്കന്മാരെക്കാൾ കൂടുതൽ അധികാരമുള്ളവരായിരുന്നു.

അശ്ശൂര്യന്മാരാകട്ടെ അശ്ശൂർ എന്ന രാജ്യസംരക്ഷാ ദേവതയെ വണങ്ങിവന്നു. ആ ദേവതക്കു വലിയ ക്ഷേത്രങ്ങൾ പണിയപ്പെട്ടിരുന്നു ഈ രാജ്യത്തെ രാജാവുതന്നെ പുരോഹിതനുമായിരുന്നു.

മിസ്രേമ്യർ പല ദേവന്മാരെയാണ് ആരാധിച്ചുവന്നതു്. മിസ്രയിംരാജ്യം പലതായി ഭാഗിച്ചിരുന്നു. ഇവ ഓരോന്നിലും ക്ഷേത്രങ്ങളും ബിംബങ്ങളും അവർക്ക് ആരാധനകളും ഉണ്ടായിരുന്നു. ഇവരുടെ ക്ഷേത്രങ്ങൾ ബാബിലോന്യർ, അശ്ശൂര്യർ ഇവരുടെതിനേക്കാൾ വളരെ കൊത്തുപണികളോടുകൂടിയതും ഭംഗിയുള്ളതും ആയിരുന്നു. ഇവക്കും പുരോഹിതർ ഉണ്ടായിരുന്നു. അവക്കു ശുദ്ധന്മാർ എന്നും ദിവ്യപിതാക്കൾ എന്നും പേരായിരുന്നു. ഈ ക്ഷേത്രങ്ങളിലെല്ലാം ഉത്സവകാലങ്ങളിൽ അതിഭക്ഷണം, മദ്യപാനം, ദുർന്നടപ്പ് മുതലായ മഹാപാപങ്ങളാൽ മനുഷ്യർ തങ്ങളുടെ ദേവന്മാരെയും ദേവികളെയും പ്രസാദിപ്പിക്കുക പതിവായിരുന്നു. ജഡമോഹങ്ങളെ ഉണർത്തത്തക്കവണ്ണമുള്ള കളികളും സംഗീതങ്ങളുമാണു അവയിൽ നടത്തിവന്നതു്.

ഇപ്രകാരം പാപംനിമിത്തം അധോഗതി പ്രാപിച്ച മനുഷ്യകുലത്തിനു ദൈവാനുഗ്രഹംകൊണ്ടല്ലാതെ രക്ഷ പ്രാപിക്കുവാൻ സാദ്ധ്യമല്ലെന്ന നിലയിലായി. കയ്യിൽ ഇരിക്കുന്ന ഈ ലേഖനം വായിപ്പാൻ കുരുടർ എത്രതന്നെ ശ്രമിച്ചാലും, സാധിക്കാത്തതുപോലെയാണ് മനുഷ്യനു സ്വരക്ഷചെയ്യുവാൻ നിവൃത്തി ഇല്ലാതായതു്. ആദാമിന്റെ പാപപ്രവൃത്തി അളവററ ദിവ്യ മഹാത്മ്യത്തിനെതിരായിരുന്നതിനാൽ ദൈവത്തോട് ഇവററദ്രോഹം ചെയ്തുകൊണ്ട് ദൈവേഷ്ടപ്രസാദത്തെ നഷ്ടമാക്കി. അതു പുനഃസമ്പാദിക്കുന്നതിനു അളവററ പരിഹാരം ചെയ്യേണ്ടുകിലെ ആവു എന്ന നിലയിൽ വന്നുകൂടുകയും ചെയ്തു. പക്ഷെ അളവററ പ്രവൃത്തിക്കു മനുഷ്യൻ അപ്രാപ്യനാണ്. തന്മൂലം പ്രസ്തുത പരിഹാരം ദൈവത്തിൽ നിന്നല്ലാതെ മനുഷ്യനിൽ നിന്നുണ്ടാകുന്ന പക്ഷം ഉദ്ദേശ സാദ്ധ്യത്തിനു അതു പര്യാപ്തമാകയില്ലതന്നെ.

നീ നിനക്കായിട്ടുവലിയ കാര്യങ്ങളെ ആഗ്രഹിക്കുന്നുവോ?

(റവ. ഡീക്കൺ എം. വി. ജോർജ്ജ് എം. ഏ. ബി. ഡി. എസ്സ്. ററി. എം. മാക്കാംകുന്നു കൺവൻഷനിൽ ചെയ്ത പ്രസംഗം]

“എന്നാൽ നീ നിനക്കായിട്ടു വലിയ കാര്യങ്ങളെ ആഗ്രഹിക്കുന്നുവൊ ആഗ്രഹിക്കരുതു്. യിരമിയ45. 5. ഈ പ്രവചന വാക്യത്തെ ആധാരമാക്കി ചില വസ്തുതകൾ നിങ്ങളോടൊപ്പം ചിന്തിക്കാമെന്നാഗ്രഹിക്കുന്നു. യിരമ്യയാപ്രവാചകൻ നേഴ്യാവിന്റെ മകനായ ബാറൂക്കിനോടുപറഞ്ഞതായ വാക്യമത്രെ ഇതു്.(ബാറൂക്ക-ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടൻ) ദൈവത്തെപ്രതി വൻകാര്യങ്ങൾ ഭരമേററിരുന്നവനായ പത്രോസ് അപ്പോസ്തലൻ തനിക്കായി വൻകാര്യങ്ങൾ പ്രവൎത്തിക്കുന്നതിനു വേണ്ടി പ്രാപ്പെട്ടതിന്റെ അനന്തരഫലം ശ്ലീ. പത്രോസും സഹശിഷ്യന്മാരും അനുഭവിക്കുന്നതായി നാം ഗ്രഹിക്കുന്നു. ഇന്നത്തെ ലോകം സ്വാർത്ഥപരമായ ചിന്താഗതിയിൽ ആമഗ്നമായി തപരിതഗമനം ചെയ്യുന്നുണ്ടു്. യഥാർത്ഥത്തിൽ ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കുന്ന നിസ്വാൎത്ഥവും അഭികാമ്യവുമായ വ്യവസ്ഥിതിയാണു് ആവശ്യമായിരിക്കുന്നതു്. എന്നാൽ അഭ്യസ്തവിദ്യനായ ഒരുയുവാവിനു മാന്യമായ ഉദ്യോഗംവേണം. ധനികനായ ഒരുവനു കുറെക്കൂടി ധനം സമ്പാദിക്കണം. ഇങ്ങനെ വിവിധ നിലകളിലായിരിക്കുന്നവക്കും അവരവർ ആയിരിക്കുന്ന സ്ഥിതിയിൽനിന്നും കുറെക്കൂടി ലോകപ്രകാരം ഉയരണമെന്നുമാത്രമെ ചിന്തയുള്ളു. നീ,,നിനക്കായി വലിയ കാര്യങ്ങൾ ആഗ്രഹിക്കുന്നുവൊ? ആഗ്രഹിക്കരുതു്” ആയുഷ്ക്കാലമത്രയും നീ നിനക്കായി പ്രവൎത്തിച്ചതിൽ എന്തു സാധിച്ചു എന്നു ചിന്തിക്കുക. മറുപടി നിരാശാപൂർണ്ണമായിരിക്കും. പത്രോസും കൂട്ടരും രാമുഴുവൻ അദ്ധ്വാനിച്ചു. ഫലമാകട്ടെ “ഒന്നുംസിദ്ധിച്ചില്ല” എന്നുള്ളതായിരുന്നു. നമ്മുടെ ദൈവംനാംതന്നെ ആയിരിക്കുന്നിടത്തോളംകാലം ജീവിതം പരാജയമായിരിക്കും. കമ്യൂണിസ്റ്റുകാർക്കു ദൈവമില്ലെന്നു പലരും പറയും. എന്നാൽ അവക്കും ദൈവമുണ്ടു്. പക്ഷെ അവരുടെ ആരാദ്ധ്യപുരുഷൻ ദൈവം—കമ്യൂണിസ്റ്റു പാർട്ടിയാണെന്നൊരു വ്യത്യാസമെ ഉള്ളു. ഒരോരുത്തരുടെയും പരമമായ കാര്യങ്ങൾതന്നെ അവരവരുടെ ദൈവങ്ങൾ എന്നുള്ള വസ്തുത വിസ്മരിച്ചുകൂടാത്തതാകുന്നു. യഥാർത്ഥക്രിസ്ത്യാനിക്കു് ഒരു സത്യദൈവമുണ്ടെന്നും അവന്റെ പൌരത്വം സ്വർഗ്ഗത്തിലാണെന്നുമുള്ള കാര്യം പൌലൂസ് ശ്ളീഹാ ഉറപ്പിച്ചുപറയുന്നു. (ഫിലി3. 20)

എന്നാൽ ക്രൂശിന്റെ വൈരികളായവൎക്കു പ്രാഥമ്യം നൽകുന്ന ഒരോരൊ സംഗതികളും അവരുടെ ദൈവമാകുന്നു. [ഫിലി. 3. 19) “അവരുടെ അവസാനം നാശം, അവരുടെ ദൈവം വയറു്, ലജ്ജയായതിൽ അവൎക്കു മൌനം തോന്നുന്നു. അവർ ഭൂമിയിലുള്ളതു ചിന്തിക്കുന്നു” ഭൗമീകചിന്താഗതിക്കു വശഗരായി ഭൗതികമോഹങ്ങൾക്കും മോദങ്ങൾക്കും പ്രഥമസ്ഥാനം കൊടുക്കുന്നതു ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ആശാസ്യമായിരിക്കയില്ല. ഏററം സമുന്നതമായ സ്ഥാനത്തു ദൈവത്തെയും ദൈവീകകാര്യങ്ങളെയും ജീവിതത്തിൽപ്രതിഷ്ഠിച്ചു ജീവിക്കുവാൻ നാം താല്പൎയ്യപ്പെടേണ്ടിയിരിക്കുന്നു. ആയിരിക്കേണ്ട സ്ഥാനത്തുനിന്നും സത്യ ദൈവത്തെ മാററിനിൎത്തിയിട്ടു ലജ്ജാകരമായ പാപങ്ങൾ, പൈശാചികമായ ധനസമ്പാദനങ്ങൾ, ഉദരപൂരണം ആദിയായവകൾക്കു തൽസ്ഥാനം നൽകുന്നതായി പലയാളുകളും അധഃപ്പതിച്ചിരിക്കുന്നു. ലോകത്തിൽ രണ്ടുവിധമാളുകളെ നാം കാണുന്നു. അറയ്ക്കത്തക്കതും വെറുക്കത്തക്കതുമായ പാപങ്ങൾ അഭിമാനപൂർവം ചെയ്കയും പറകയും ചെയ്യുന്നതിൽ ഒരു പങ്കാളുകൾ സംതൃപ്തരാകുന്നു. വൃക്ഷാഗ്രത്തിലുള്ള ബലഹീനമായ ശിഖരത്തിൽ ഇരിപ്പുറപ്പിച്ചിരിക്കുന്ന പക്ഷി കാററടിക്കുമ്പോൾ ശിഖരത്തോടുകൂടിത്തന്നെ കുലുങ്ങുന്ന പ്രകാരം നമ്മുടെ ജീവിതത്തിൽ പ്രതിഷ്ഠിതമാകുന്ന വിവിധ കുട്ടി ദൈവങ്ങളെ അവലംബമാക്കുന്നപക്ഷം നാം കുലുങ്ങുകയും പ്രതീക്ഷാതീതമായ തരത്തിൽ നമുക്കു സ്ഥാനഭ്രംശം സംഭവിച്ചു നിപതിക്കുന്നതുമാണു്. അകയാൽ ചലനം സംഭവിക്കാതിരിപ്പാൻ സത്യദൈവത്തെ മുറുകെപിടിച്ചുകൊള്ളേണ്ടതു് ആവശ്യമാകുന്നു. ലജ്ജയായതിൽ മാനം തോന്നുന്നവന്റെ പക്ഷത്തു ദൈവമില്ല. നമ്മുടെ ഇപ്പോഴത്തെ ദൈവം ആരു് സമ്പത്തോ—മക്കളൊ ഭാൎയ്യയൊ— ഏതെങ്കിലും ദൈവമില്ലാത്ത രാഷ്ട്രീയപാർട്ടികളൊ —മദ്യപാനാസക്തിയൊ— ഏഴാം കല്പലംഘനമൊ? ക്രൈസ്തവേതര ചിന്താഗതിയാണു കമ്യൂണിസത്തിന്റെ ആവിർഭാവത്തിനു കാരണം, “നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക” എന്നദൈവകല്പനയെ ആദരിച്ചു പ്രവൎത്തിക്കാത്തതിന്റെ ദുരന്തഭരിതം അനുഭവമാകാതെ കരുതുക. ദൈവത്തിനു പകരം ഈ രണ്ടു കാര്യങ്ങൾക്കു പ്രഥമവും പ്രധാനവുമായ സ്ഥാനം നൽകിയതിന്റെ ദുഷ്ഫലം പ്രസ്പഷ്ടമാക്കുന്ന ചില ഉദാഹരണങ്ങൾ വിശുദ്ധവേദത്തിൽ നമുക്കു കാണാവുന്നതാണു്. അപ്പൊ. പ്ര. 8. 18—20.

“നിന്റെ പണം നിന്നോടുകൂടെ നശിക്കും. നിന്റെ വക്ഷളത്വം വിട്ടു മാനസാന്തരപ്പെടുക”. നാമും നമ്മുടെ ധനവും നമ്മുടെ കേന്ദ്രമാകുന്നുവെങ്കിൽ എത്ര ദോഷം. “നീ നിനക്കായിട്ടു വലിയ കാര്യങ്ങളെ ആഗ്രഹിക്കുന്നുവൊ, ആഗ്രഹിക്കരുതു്” ദാനി. 4. 30—34. നെബൂഖദ്നേസർ തന്റെ പ്രതാപത്തിൽ നിഗളിച്ചു. മനോഹരമായ പൂന്തോട്ടം, അത്യുന്നതങ്ങളായ മണിമാളികകൾ, സ്വാഭീഷ്ടപ്രകാരം നിരവധി അടിമകൾ എന്നിങ്ങനെയുള്ള ലൌകീക പ്രതാപങ്ങളിൽ സ്വയം അഭിമാനിച്ചു വളച്ച നെബൂഖദ്നേസർ വികൃതനായി—കാളയെപ്പോലെ പുല്ലുതിന്നുന്ന അനുഭവത്തിലേക്കു അധഃപതിച്ചു. നിനക്കു വേണ്ടിയുള്ള ബദ്ധപ്പാടുകൾ മതിയാക്കുക. ദൈവത്തിനുവേണ്ടി ഉത്സാഹിക്കുക. ദൈവം മനുഷ്യരുടെ രാജത്വത്തിൻമീതെവാഴുന്നു. യോനാ തന്റെ മാനത്തെ സംരക്ഷിക്കുവാൻ തർശീശിലേക്കു പോയി. ദൈവം അ[...]ത്തെ വിട്ടില്ല. പരമനായ ദൈവത്തിനു പരമമായ സ്ഥാനം നൽകാ[...] നിന്നെ തൽസ്ഥാനത്തു സ്ഥിരമാ[...]യതുതന്നെ നിന്റെ പരാജയം. [...]ശുതമ്പുരാൻ പറയുന്നു..... ഇനി[...] ഞാൻ നിന്റെ ജീവിതത്തി[...] പ്രഭുവായിക്കൊള്ളട്ടെ എന്നു്. നാം [...]വദിക്കുമൊ? ലൌകികമോദവും [...]വും നൽകുന്നു എന്നു തോന്നുന്ന [...]ടെ പാപങ്ങൾക്കു ക്ഷണഭംഗു[...]യ ചില സന്തോഷങ്ങൾ മാത്ര[...]കാൻ കഴികയുള്ളു. എന്നാ[...] നാളുകൾ അതിന്റെ [...]ഭവിക്കേണ്ടതായും വന്നു[...]

ശ്രീ. ലൂക്കോ. 9. 57—62. മൂന്നുതരം യാത്രക്കാർ യേശുതമ്പുരാനെ പിന്തുടരാൻ സന്നദ്ധരാകുന്നു. മൂവരും നിരുപാധികം കീഴടങ്ങുന്നില്ല. ദൈവത്തിന്റെ ഹിതം പ്രമാണമാക്കുന്നവനെ ദൈവത്തിനു വേണ്ടു. ദൈവനിർദ്ദേശങ്ങളെ ശിരസ്സാ വഹിക്കുവാൻ നാം തയ്യാറാവണം. ഒന്നാമൻ വല്ലപ്പോഴുമൊക്കെ സുഖമായി ജീവിക്കുവാൻ ലഭിക്കുമെന്നു നിരൂപിച്ചു. "കുറുനരികൾക്കു കുഴികളും പറവജാതികൾക്കു കൂടുകളുമുണ്ടു്. മനുഷ്യപുത്രനോ തലചായ്പാനിടമില്ല." രണ്ടാമൻ താനൊട്ടു "ഞാൻ മുമ്പെ പോയി എന്റെ അപ്പനെ കുഴിച്ചിട്ടുവാൻ അനുവാദം തരേണം" എന്നു പറഞ്ഞു. യേശുതമ്പുരാൻ "മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ" എന്നരുളിച്ചെയ്തു. സാവകാശം ദൈവം ഇഷ്ടപ്പെടുന്നില്ല. പ്രതിയായി ചെയ്യേണ്ട കാര്യത്തിനായി വിളിക്കപ്പെട്ടവരത്രെ ക്രിസ്ത്യാനികൾ. രാജകാര്യത്തിനു് അവധി പറയാവുന്നതല്ല. മൂന്നാമനാകട്ടെ വീട്ടിലുള്ളവരോടു് അനുവാദം വാങ്ങി വരാം എന്നണർത്തിച്ചു. കലപ്പയ്ക്കു കൈവച്ചശേഷം പുറകോട്ടു നോക്കുന്നവനാരും ദൈവരാജ്യത്തിനു കൊള്ളാവുന്നവനല്ല എന്നു യേശുതമ്പുരാൻ കല്പിച്ചു. ഉടനെ പുറപ്പെടുക എന്നത്രെ തന്റെ നിർദ്ദേശം. നീ നിനക്കായി വലിയ കാര്യങ്ങളെ അഗ്രഹിക്കുന്നുവോ അഗ്രഹിക്കരുതു്.

സുവിശേഷവേല ചെയ്യാത്ത ക്രിസ്ത്യാനി ക്രിസ്ത്യാനിയല്ല. മാതാപിതാക്കന്മാരെയും മറ്റും ഉപേക്ഷിച്ചാൽ മാത്രം പോരാ; നിന്റെ ജീവനെക്കൂടി ത്യജിപ്പാൻ സത്യസുവിശേഷകൻ തയ്യാറായിരിക്കണം. വി. ലൂക്കോ. 14: 26, 27 "എന്റെ ക്രൂശെടുത്തു് എന്റെ പിന്നാലെ വരാത്തവനും എനിക്കു് യോഗ്യനല്ല." സഹോദരന്മാരെ അന്വേഷിച്ചു പുറപ്പെട്ട യൗസേഫ് ശേഖേമിൽ അലയുന്ന ചിത്രം നാം ദർശിക്കുക. തന്റെ ഏകലാക്കു് സ്വസഹോദരങ്ങളെ തേടിപിടിക്കുക എന്നതായിരുന്നു. ആകയാൽ (1) നീ നിനക്കായി വലിയ കാര്യങ്ങൾ അഗ്രഹിക്കരുതു. (2) നീ യേശുക്രിസ്തുവിനുവേണ്ടി വലിയ കാര്യങ്ങൾ അഗ്രഹിക്കുക. (3) സ്വയംപ്രേരി...തരായി അന്ധകാരത്തിലും മരണ...ഴലിലും അലയുന്ന സഹോദരങ്ങളെ ...ന്വേഷിച്ചു് കണ്ടുപിടിക്കുകയും സ...വെളിച്ചത്തിലേക്കു് ആനയിക്കുകയും ... യേശുതമ്പുരാൻ നമുക്കുമാതൃ...തികട്ടെ. സ്വർഗ്ഗീയമഹിമാസ... ...പേക്ഷിച്ചും ഇളയസഹോദരങ്ങളെ അന്വേഷിച്ചുവന്ന പരമപിതാവിന്റെ കടിഞ്ഞൂൽ സന്താനമായ നമ്മുടെ ജ്യേഷ്ഠസഹോദരൻ എത്ര നിസ്സീമമായ സഹോദരസ്നേഹമാണു് നമുക്കു കാണിച്ചുതന്നതു്. തന്റെ രക്ഷണ്യമായ ശുശ്രൂഷകൾ ഹേതുവാൽ എത്ര ശ്രേഷ്ഠമേറിയ പദവിയാണു് നമുക്കു താൻ സമ്പാദിച്ചുതന്നിരിക്കുന്നതു. ഇതു നാം വിസ്മരിക്കുകയോ; ഇക്കഴിഞ്ഞ ചില ലക്കങ്ങളിലായി 'ചർച്ചുവീക്കിലി'യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന മാർ ഒസ്ത്താത്തിയോസ് തിരുമനസ്സിലെ മലബാർ ഇടനക സന്ദർശനവാർത്തകൾ യഥാർത്ഥസഹോദരസ്നേഹത്തിന്റെ സുവ്യക്ത തെളിവുകളായി നമുക്കു സ്മരിക്കുവാൻ കഴിയും. നമ്മുടെ സഭാംഗങ്ങളിൽ എത്ര പേർ 'ചർച്ചുവീക്കലി'; 'മലങ്കരസഭ'; എന്നീ സഭാ പ്രസിദ്ധീകരണങ്ങൾ വരുത്തി വായിച്ചു് അറിവു സമ്പാദിക്കുന്നവരായിട്ടുണ്ടു്; സഭാ പരിപോഷണത്തിനും സത്യക്രിസ്തീയ ജീവിതപുരോഗതിക്കും പര്യാപ്തമായ പ്രസ്തുത പ്രസിദ്ധീകരണങ്ങൾ നമ്മുടെ എല്ലാ ഭവനങ്ങളിലും വരുത്തുകയും തദ്വാരാ ആത്മീയ വളർച്ച പ്രാപിക്കുന്നതിനും ക്രൈസ്തവലോകവാർത്തകൾ ഗ്രഹിക്കുന്നതിനും നാം പ്രത്യേകം ഉത്സാഹിക്കണമെന്നു താല്പര്യപ്പെടുന്നു. വാർദ്ധക്യസഹജമായ ക്ലേശങ്ങൾ വിസ്മരിച്ചും യുവസഹജമായ ഊർജ്ജസ്വലതയെ വിളംബരം ചെയ്തും വാത്സല്യഭാജനങ്ങളായ ഇളയസഹോദരങ്ങളെ തേടിപ്പുറപ്പെട്ടിരിക്കുന്ന അഭിവന്ദ്യ തിരുമേനിയുടെ സത്യസുവിശേഷവേലയിൽ നമ്മുടെ പങ്കു് നിർവഹിച്ചു് യേശുതമ്പുരാന്റെ അനുഗ്രഹപാത്രങ്ങളായി തീരുവാൻ കരുതേണ്ടിയിരിക്കുന്നു. "നീ നിനക്കായി വലിയകാര്യങ്ങളെ അഗ്രഹിക്കുന്നുവോ; അഗ്രഹിക്കരുതു്."

(Notes by P. K. George,
KONNI)

—0—

സൺഡേസ്കൂൾ വിജ്ഞാപനം

ജനറൽ സെക്രട്ടറി ഫാദർ. കെ. ഡേവിഡ് അറിയിക്കുന്നതു്.

തന്നാണ്ടുവാർഷിക പരീക്ഷ ഏപ്രിൽ 25-ാംനു ഞായറാഴ്ചയും മത്സരപരീക്ഷ ഏപ്രിൽ 29-ാം തീയതി വ്യാഴാഴ്ചയും നടത്തപ്പെടുന്നതാണു്. ഓരോ ക്ലാസ്സിലെ കുട്ടികളുടെ സംഖ്യ കാണിക്കുന്ന സ്റ്റേറ്റുമെന്റും, വാർഷിക പിരിവും അയച്ചു തരേണ്ടതാണു്. 5 രൂപായിൽ കുറയാതെ പിരിവയക്കുന്നവർക്കു് 4 മുതൽ മേലോട്ടുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ സംഖ്യ അനുസരിച്ചുള്ള ചോദ്യക്കടലാസുകൾ അയച്ചു കൊടുക്കുന്നതാണു്.

അദ്ധ്യാപകപരിശീലനക്ലാസ്സ് മെയ് 13 മുതൽ 23 വരെ ചെപ്പാട്ട് ഇംഗ്ലീഷ് സ്കൂളിൽവച്ചു നടത്തപ്പെടുന്നതാണു്. ഗ്രാന്റു് വേണമെന്നുള്ളവർ അപേക്ഷിക്കേണ്ടതാകുന്നു. ഡിസംബർ 6 ലെ നിങ്ങളുടെ പള്ളികാണിക്ക സമാജത്തിലേക്കു അയച്ചുതന്നുവോ എന്നു് അന്വേഷിക്കുവാൻ താല്പര്യപ്പെടുന്നു. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

ഈ ആഴ്ചയിലെ വിശേഷദിവസങ്ങൾ

ഫെബ്രുവരി. 23. മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ.

24. ഏവൻഗേലിസ്തനായ മാർ മത്തായി ശ്ലീഹായുടെ ഓർമ്മ.

28. കൊത്തിന്നെ ഞായറാഴ്ച.

വാരപഞ്ചാംഗം

ഫെബ്രുവരി കുംഭം

ഞായർ	21	9
തിങ്കൾ	22	10
ചൊവ്വാ	23	11
ബുധൻ	24	12
വ്യാഴം	25	13
വെള്ളി	62	14
ശനി	27	15

Thought for the Week

At long last, we may hope, every sinner—even Judas Iscariot and every traitor with him—shall be so purged of self concern by the very shame which his offence has caused to that same self-concern, that he in utter humility will thank God that his vileness has become a further occasion of the divine triumph.

Arch Bishop Temple.

THE CHURCH WEEKLY

വൈ. സി. സി. എയും തെരഞ്ഞെടുപ്പും

Youth Christian council of action (യൂത്ത് ക്രിസ്ത്യൻ കൌൺസിൽ ഓഫ് ആക്ഷൻ—വൈ. സി. സി. എ.) എന്നൊരു ക്രിസ്തീയ യുവജനസംഘടനയുള്ളതിനെപ്പററി പലരും കേട്ടിരിക്കും. സർ. സി. പി. യുടെ ഭരണകാലത്താണ് അതിൻെറ ഉൽഭവം. അന്ന് സർ. സി. പി. യുടെ പ്രതിമ സ്ഥാപിക്കുന്നതിന് ഒരു സംരംഭം നടക്കുകയും, അദ്ദേഹത്തിൻെറ നിശിതമായ ഭരണപ്രാബല്യത്തെ ഭയന്ന് പല ക്രിസ്ത്യൻ നേതാക്കന്മാരും ആ സംരംഭത്തെ അനുകൂലിക്കുകയും ചെയ്തിരുന്നു. ധാർമ്മികമായ ഒരു അധഃപതനം ആ സംരംഭത്തിൽ ദർശിച്ച ആദർശവാദികളായ ഏതാനും യുവാക്കന്മാർ ആ പ്രസ്ഥാനത്തിന് എതിരായി സംഘടിക്കുകയും, അതിനെ പ്രതിഷേധിച്ചു ഒപ്പു ശേഖരിക്കുകയും ചെയ്തതു് ഒരു ധീര നടപടിയായിരുന്നു. സർ. സി. പിക്കെതിരായി അന്ന് ശബ്ദമുയർത്താൻ തയാറാകുകയെന്നതു് രണ്ടും കല്പിച്ചുവേണ്ടിയിരുന്നു. അതുകൊണ്ടു് ഒരു സുധീര നിലപാടു സ്വീകരിച്ച ഈ ചെറിയ സംഘടന പലരുടേയും അഭിനന്ദനം നേടിയിരുന്നു. പിന്നെ ചില സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങൾ അവർഭവിക്കുമ്പോൾ ആ സംഘാംഗങ്ങൾ മാങ്ങാനം ആശ്രമത്തിലോ മററോ കൂടി അവയുടെ ധാർമ്മിക വശങ്ങളെപ്പററി ചർച്ചചെയ്തു ഒരു അഭിപ്രായം രൂപവൽകരിക്കും. ആ അഭിപ്രായം പ്രസ്താവനയായി പ്രസിദ്ധപ്പെടുത്തുവാൻ പത്രങ്ങൾക്കയക്കും. ചിലതു ലഘുലേഖകളായി പ്രസിദ്ധപ്പെടുത്തും. വളരെയധികം അംഗങ്ങൾ അതിനില്ല. അമ്പതോ മററോ ആണ് അതിൻെറ അംഗസംഖ്യ എന്നു തോന്നുന്നു. നിശ്ചയമില്ല. സാമൂഹ്യസാമ്പത്തിക വ്യവസ്ഥയിൽ വിപ്ളവകരമായ പല മാററങ്ങളും വരണമെന്ന് അഭിപ്രായമുള്ള പലരും ആ സംഘടനയിലെ അംഗങ്ങളാണ്. കമ്മ്യൂണിസ്റ്റുകളുടെ ആദർശലക്ഷ്യങ്ങളെ അവരിൽ പലരും ആദരിക്കുന്നുണ്ടെങ്കിലും അവരുടെ അക്രമ പരിപാടികളെയും മാർഗ്ഗങ്ങളെയും അവർ സ്വീകരിക്കുന്നില്ലെന്നു തോന്നുന്നു. ചേർത്തല ദുരിതനിവാരണത്തിന് അതിലെ പല അംഗങ്ങളും സജീവമായി പങ്കെടുത്തിട്ടുണ്ടു്. ഇങ്ങനെ നല്ലകാര്യങ്ങൾ പലതിലും ശ്രദ്ധിക്കുകയും സുദൃഢമായ അഭിപ്രായം രൂപവൽക്കരിക്കാൻ ശ്രമിക്കയും ചെയ്യുന്ന ഒരു ചെറിയ സംഘടനയെന്ന നിലയിലാണ് വൈ. സി. സി. എ അറിയപ്പെടുന്നതു്. ഇന്ന് പി. എസ്സ്. പി. സ്ഥാനാർത്ഥികളായി മത്സരിക്കുന്ന മൂന്ന് പേർ ആ സംഘടനയിലെ അംഗങ്ങളാണെന്ന് അറിയുന്നു. ഈയിടെ വൈ. സി. സി. എ. തെരഞ്ഞെടുപ്പു കാലമായതുകൊണ്ടു്, ക്രിസ്ത്യൻ വോട്ടർമാർക്ക് മാർഗ്ഗദർശിത്വം നൽകുന്നതിന് ഒരു പ്രസ്താവന ഇറക്കി. വൈ. സി. സി. എയ്ക്കു് കറൻറു അഫ്യേഴ്സ് കമ്മിററി എന്നൊരു പ്രവർത്തക കമ്മിററിയുണ്ടു്. ആ കമ്മിററിയാണ് പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നതു്. സുപ്രസിദ്ധ ചിന്തകനും, വാഗ്മിയും, അദ്ധ്യാപക ശ്രേഷ്ഠനുമായ പ്രൊഫ്സർ. സി. പി. മാത്യു എം. എ. എം. പിയുടെ നിശിത വിമർശനത്തിന് ആ പ്രസ്താവന വിധേയമായതു് പലരും കണ്ടിരിക്കും. അദ്ദേഹത്തിൻെറ അഭിപ്രായത്തോടു വീണ്ടും വിയോജിച്ചു് കറൻറ അഫ്യേഴ്സ് കമ്മിററിയും, മദ്രാസിൽനിന്ന് അതിലെ അംഗങ്ങളായിരുന്ന ശ്രീ. എം. കെ. തമ്പിയും, ശ്രീ. ററി. കെ. തോമ്മസും ചേർന്നും ഓരോ പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുണ്ടു്. തെരഞ്ഞെടുപ്പു കാര്യത്തിൽ പി. എസ് പിയേയും കോൺഗ്രസിനേയും ഒരേ രൂപത്തിൽ പരിഗണിക്കണമെന്നുള്ള വൈ. സി. സി. എയുടെ അഭിപ്രായത്തെ യുക്തിപൂർവ്വം ഖണ്ഡിച്ചു് ആ ആലോചനാഗതിയിലുള്ള അപകടത്തേയും ചിന്താകുഴപ്പത്തേയും വ്യക്തമാക്കുകയാണ് ശ്രീ. സി. പി. മാത്യു ചെയ്തിരിക്കുന്നതു്. പി.എസ്. പിയും കമ്മ്യൂണിസ്റ്റുകക്ഷിയും തമ്മിലുള്ള വേഴ്ച, വൈ. സി. സി. എയുടെ അഭിപ്രായത്തിനു നിദാനമായ ഒരു പ്രധാനഘടകത്തെ എടുത്തുകളയുന്നുവെന്ന് നിഷ്പക്ഷബുദ്ധ്യാ ആലോചിച്ചാൽ കാണുവാൻ പ്രയാസമുള്ളതല്ല. ആ പശ്ചാത്തലത്തിൽ പി. എസ്.പിയെ വീക്ഷിക്കുവാൻ വൈ. സി. സി. എ. തയാറില്ലെന്ന് അവരുടെ മറുപടി സുവ്യക്തമാക്കുന്നു. ഈ മറുപടി ഒരു വിധത്തിൽ ശ്രീ. മാത്യുവിൻെറ നിലപാടിനെ സാധൂകരിക്കുകയാണെന്നും, ധർമ്മദീക്ഷയുടേയും, ഈശ്വര നടത്തിപ്പിൻെറയും കുത്തകാവകാശം ഉണ്ടെന്ന് സ്വയം അഭിമാനിക്കുന്ന സംഘടനകളെ മൃദുവായി അദ്ദേഹം വിമർശിക്കുന്നതു അസ്ഥാനത്തല്ലെന്നും തോന്നിപ്പോകുന്നു. ഏതായാലും വൈ. സി. സി. എ സൃഷ്ടിക്കുവാനുദ്യമിച്ച ചിന്താകുഴപ്പത്തിൽ അധികമാരും വീണിരിക്കാനിടയല്ലെന്ന് സമാശ്വസിക്കാം.

മർത്തോമ്മാ സഭാ പ്രതിനിധികൾ

1954 ആഗസ്റ്റിൽ ഇവാൻസ്റ്റണിൽ വച്ചു നടക്കുന്ന അഖിലലോകസഭാ കൗൺസിലിൻെറ ദ്വിതീയ സമ്മേളനത്തിൽ മാർത്തോമ്മാസഭയിൽ നിന്നും മൂന്നു ബിഷപ്പന്മാർ ഉൾപ്പെടെ ആറു പ്രതിനിധികൾ സംബന്ധിക്കുന്നതായിരിക്കും. കോൺഫറൻസിനു ശേഷം ഒന്നു രണ്ടുമാസക്കാലം അമേരിക്കയിൽ പര്യടനം നടത്തുന്നതിനു മാർ തിയോഫിലസ് തിരുമേനി ഉദ്ദേശിക്കുന്നുണ്ടു്. ഇപ്പോൾ ഇംഗ്ലണ്ടിൽ ആയിരിക്കുന്ന മാർ ക്രിസോസ്റ്റം തിരുമേനി അവി[illegible] നിന്നും അമേരിക്കയിലേക്കും തിരിച്ചു [illegible]ൻഡ്യയിലേക്കും പോകുന്നതായിരി[illegible] മററു മൂന്നു പ്രതിനിധികൾ[illegible] മേരിക്കയിൽതാമസിക്കുന്നവരാ[illegible]

പ്രതിവാരപ്രഭാഷണം (The Sermcn for the Week)

ധനവാനും ലാസറും

(എം. റ്റി.)

"അബ്രഹാം: മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അപ്രകാരം തിന്മയും പ്രാപിച്ചു എന്നോർക്ക: ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു. നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല, ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയൊരു പിളർപ്പുണ്ടായിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെ അടുക്കൽ കടന്നു വരുവാൻ ഇച്ഛിക്കുന്നവർക്കു കഴിവില്ല, അവിടെനിന്നു ഞങ്ങളുടെ അടുക്കൽ കടന്നുവരുവാനും പാടില്ല എന്നു പറഞ്ഞു."

(വി. ലൂക്കോസ് 16. 25—26)

ഈ ഉപമ പറഞ്ഞപ്പോൾ മരണാനന്തര ജീവിതത്തിന്റെ സ്വഭാവത്തെക്കുറിച്ചു പഠിപ്പിക്കണം എന്നുള്ളതായിരുന്നു നമ്മുടെ കർത്താവിന്റെ പ്രധാന ഉദ്ദേശം. മരണാനന്തരജീവിതത്തിന്റെ ഒരു വർണ്ണനയായി ഈ ഉപമയെ അക്ഷരംപ്രതി വ്യാഖ്യാനിക്കുന്നതു ശരിയായിരിക്കയില്ല. നമ്മുടെ കർത്താവു ദ്രവ്യാഗ്രഹികളായ പരീശന്മാരോടു ദ്രവ്യാഗ്രഹത്തിന്റെ അപകടങ്ങളെക്കുറിച്ചു സംസാരിക്കുകയായിരുന്നു. സ്വർഗ്ഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും യഹൂദന്മാരുടെയിടയിൽ പ്രചാരത്തിലിരുന്ന ചില ധാരണകളെ താൻ എടുത്തു പ്രയോഗിച്ചെന്നെയുള്ളു. ധനത്തിന്റെ ശരിയായ ഉപയോഗം എന്താണെന്നും അതിനെ തെറ്റായി ഉപയോഗിച്ചാലുള്ള ഭവിഷ്യത്തെന്താണെന്നും പഠിപ്പിക്കണമെന്നുള്ളതാണു് ഈ ഉപമയുടെ പ്രധാന ഉദ്ദേശം. എന്നാൽ പരലോകം ഒരു യാഥാർത്ഥ്യമാണെന്നും, ഇഹലോകത്തിലെ ദുരിതാനുഭവങ്ങൾക്കു ചില ആത്മീയ പരിഹാരങ്ങളും നിത്യമായ പ്രതിഫലങ്ങളും ഉണ്ടെന്നും, മനുഷ്യന്റെ കർമ്മഫലങ്ങൾ നിവാര്യങ്ങളാണെന്നുംകൂടി ഈ ഉപമ നമ്മെ പഠിപ്പിക്കുന്നുണ്ടു്.

ലോകത്തിൽ എവിടെ നോക്കിയാ അസമത്വവും അനീതിയും കാണാം ന്നു് അർഹിക്കുന്ന പ്രതിഫലം ന്നായി കാണുന്നില്ല. എന്നാൽ ന്നു് അനർഹമായ അനുഗ്രഹങ്ങ ക്കുകയും ചെയ്യുന്നു. അതു മാത്രമ പ്പെട്ടവർക്കു ലഭിക്കുന്ന അനു അവർ ദുർവിനിയോഗം ചെയ്യുന്നു. ധനികന്മാരെ അപേക്ഷിച്ചു് ദാരിദ്ര്യവും ദുരിതവും അനുഭവിക്കുന്ന ലാസർമാരുടെ സംഖ്യ വളരെ വലുതാണു്. രോഗികൾ, അംഗഹീനർ, വിധവകൾ, അനാഥക്കുഞ്ഞുങ്ങൾ, മറ്റുള്ളവരുടെ വഞ്ചനയും മർദ്ദനവും മൂലം കഷ്ടപ്പെടുന്ന നിരപരാധികൾ, പീഡിതർ, അധഃസ്ഥിതർ, നിർഭാഗ്യവാന്മാർ, വിരഹദുഃഖമനുഭവിക്കുന്നവർ, നിസ്സഹായർ എന്നിങ്ങനെ ദുരിതമനുഭവിക്കുന്നവരുടെ ഗണത്തിൽ പെട്ടവരാണു് ലോകത്തിൽ ഭൂരിഭാഗമാളുകളും. അവരുടെ കഷ്ടപ്പാടു കാണുമ്പോൾ നമ്മുടെ മനസ്സലിയുകയും നമ്മുടെ മനസ്സാക്ഷി പ്രതിഷേധിക്കുകയും ചെയ്യുന്നു. സ്നേഹവാനായ ദൈവത്തിന്റെ ലോകത്തിലെ വിഭവസമ്പത്തെല്ലാംതന്നെ ദുരിതനിവാരണത്തിനു വിനിയോഗിക്കപ്പെടേണ്ടതാണെന്നും എല്ലാ മനുഷ്യരുടെയും ആവശ്യാനുസരണം നീതിപൂർവ്വം വിഭജിക്കപ്പെടേണ്ടതാണെന്നും ഉള്ളതിനു സംശയമില്ല. അതു സാധ്യമാക്കിത്തീർക്കുന്ന ഒരു വ്യവസ്ഥിതി നടപ്പിൽ വരുത്തുവാൻ മുൻകൈയെടുത്തു പ്രവർത്തിക്കേണ്ടതു് ക്രിസ്തുവിന്റെ മനസ്സലിവുള്ള ക്രിസ്ത്യാനികളും തന്റെ സ്നേഹസന്ദേശം വഹിക്കുന്ന ക്രിസ്തുസഭയുമാണു്. സ്വാർത്ഥതനിറഞ്ഞ ഒരു ജനസമുദായത്തിൽ നീതിനടത്തുവാൻ നല്ല നിയമങ്ങൾ ആവശ്യമാണു്. അതുകൊണ്ടു് നിയമനിർവ്വഹണത്തിൽ രാഷ്ട്രത്തിനെന്നപോലെ സഭയ്ക്കും സഭാംഗങ്ങൾക്കും ചില കർത്തവ്യങ്ങൾ ഉണ്ടു്. എന്നാൽ നിയമനിർമ്മാണത്തെക്കാൾ ആവശ്യമായിട്ടുള്ളതു് മനുഷ്യന്റെ മാനസിക പരിവർത്തനമാണു്. അതു സാധിക്കാത്തപക്ഷം മനുഷ്യന്റെ പ്രശ്നങ്ങൾക്കു പൂർണ്ണവും തൃപ്തികരവുമായ ഒരു പരിഹാരം കണ്ടെത്തുവാൻ കഴിയുന്നതല്ല. മാനസിക പരിവർത്തനത്തിൽ പ്രധാന പങ്കു വഹിക്കേണ്ടതു് ജീവിതമൂല്യങ്ങളെക്കുറിച്ചുള്ള വിവേചനയാണു്. ദൈവത്തിന്റെ മൂല്യസോപാനത്തിൽ ധനത്തിനു് ഉന്നതസ്ഥാനമില്ല. അതു ഒരിക്കലും ഒരു ജീവിതലക്ഷ്യമായിരിക്കാവുന്നതല്ല; അതു് ഒരു ഉപാധിമാത്രമാണു്. അതു് ആവശ്യമാണെങ്കിലും ഒഴിച്ചുകൂടാത്തതല്ല. നല്ല കാര്യങ്ങൾക്കു വിനിയോഗിക്കപ്പെടാവുന്നതാണെങ്കിലും തിന്മയുടെ ആയുധമായിത്തീരാവുന്നതുമാണു്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉപാധികളായിമാത്രം ദൈവം നൽകിയിട്ടുള്ള സാമ്പത്തിക വിഭവങ്ങൾ സ്വാർത്ഥതയും വിദ്വേഷവും വളർത്തുവാൻ മനുഷ്യർ വിനിയോഗിക്കുന്നു. ധനം ഒരനുഗ്രഹമാണോ ശാപമാണോ എന്നു നിശ്ചയിക്കുന്നതു് അതിനെ ഏതുദ്ദേശത്തിനായി ഉപയോഗിക്കുന്നു എന്നുള്ള കാര്യമാണു്. ജീവിതത്തിന്റെ നിത്യമായ മൂല്യങ്ങൾ സാമ്പത്തികങ്ങളല്ല, പ്രത്യുത, ധാർമ്മികവും ആദ്ധ്യാത്മികവുമാണു്. അവയെ നമ്മുടെ കർത്താവു തന്റെ ഗിരിപ്രഭാഷണത്തിൽ (വി. മത്തായി 5: 1—12) വിവരിച്ചിട്ടുണ്ടു്. നിത്യമായ മൂല്യങ്ങളെ പ്രാപിക്കുവാനും പ്രചരിപ്പിക്കുവാനും സഹായിക്കുന്നതോതിൽ മാത്രമേ അനിത്യമായ സാമ്പത്തികവിഭവങ്ങൾക്കു മനുഷ്യജീവിതത്തിൽ സ്ഥാനമുള്ളു. "സമ്പന്നന്മാരായ നിങ്ങൾക്കു് അയ്യോ കഷ്ടം; നിങ്ങളുടെ ആശ്വാസം നിങ്ങൾക്കു ലഭിച്ചുവല്ലോ." (വി. ലൂക്കോ 6.24) ധനത്തിലും ധനത്തിനു നൽകുവാൻ കഴിയുന്ന സുഖങ്ങളിലും മാത്രം സംതൃപ്തിനേടുന്നവരുടെ സ്വർഗ്ഗം ഇഹലോകത്തിൽ വച്ചുതന്നെ അവസാനിച്ചുപോകുന്നു. അവർക്കു സന്തോഷം നൽകുന്ന യാതൊന്നും പരലോകത്തിൽ പ്രതീക്ഷിക്കാനില്ല. അവരെ സംബന്ധിച്ചിടത്തോളം നിത്യജീവൻ എന്ന പദം അർത്ഥരഹിതമാണു്.

ഇഹലോകത്തിലെ നമ്മുടെ ജയാപജയങ്ങളെയും സുഖദുഃഖങ്ങളെയും, പരലോകജീവിതത്തിലും തുടർന്നു അനന്തമായി വളരുവാൻ സാദ്ധ്യതയുള്ള ധാർമ്മികമൂല്യങ്ങളുമായി വേണം നാം തുലനം ചെയ്യുവാൻ. ഇവിടത്തെ നമ്മുടെ കഷ്ടനഷ്ടങ്ങൾക്കു് അവിടെ ചില പരിഹാരങ്ങൾ ഉണ്ടു്. ഇവിടെ നഷ്ടപ്പെട്ടവ അവിടെ ലഭിക്കുമെന്നല്ല;—അതു സാധ്യമല്ലല്ലോ—എന്നാൽ അവയിലും ഉപരിയായ ചില നിത്യനേട്ടങ്ങൾ നമുക്കുണ്ടാകും. പരലോകത്തിന്റെ വെളിച്ചത്തിൽ ഇഹലോകത്തിലെ നഷ്ടങ്ങൾ നിസ്സാരങ്ങളാണു്. "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു". (എബ്രായർ 12: 2) ധനവാനും ലാസറും അവർ അർഹിച്ച സ്ഥാനത്തെത്തി. ധനവാൻ ആത്മനി

വിശ്വദീപം

കർമ്മകാണ്ഡം

(പുത്തൻകാവു മാത്തൻ തരകൻ)

തോട്ടത്തിന്റെ ഉടമസ്ഥനും പുത്രന്മാരും

പിന്നെയുമോതിനാൻ മറ്റൊരു വൃത്താന്തം
മന്നവനന്ദൻ മർത്ത്യരോടായ്
"മുന്തിരിത്തോപ്പിന്റെ നാഥനായുണ്ടൊരു
മാനവൻ മാനിയായ് വാണിരുന്നു.
സീമന്തനന്ദനനോടായാളന്നൊരു
സൗവർണ്ണോഷസ്സിലുരയ്ക്കയായി.
"നീയിന്നെൻ മുന്തിരിത്തോട്ടത്തിൽ വേലയ്ക്കു
നിസ്തുലം പോകേണമെൻകുമാരാ."
"ഇല്ല ഞാൻ പോവില്ലെ"ന്നാദ്യമാനന്ദനൻ
തെല്ലും മടിക്കാതെ ചൊൽകയായി.
താതന്റെ കല്പന കേൾക്കാഞ്ഞതോർത്തവൻ
ഖേദം നിരാന്തം വഹിച്ചു പിന്നെ
സാദരം മുന്തിരിത്തോട്ടത്തിൽ വേലയ്ക്കു
സീമന്തനന്ദനൻ യാത്രയായി.
പിന്നെയുമാപ്പിതാവോതിനാൻ തന്നുടെ
രണ്ടാമത്തെ സുതനോടായിത്ഥം.
"മൽപ്രിയനന്ദന, നീയും ഗമിക്കണം
മുന്തിരിത്തോട്ടം പരിശോധിച്ചീടുവാൻ"
"പോകാം ഞാ"നെന്നവൻ സന്തോഷപൂർവകം
താതനോടോതിനാനപ്പോൾ തന്നെ.
എങ്കിലും തോട്ടത്തിലേക്കവൻ പോകാതെ—
യെങ്ങോ മറഞ്ഞു വസിച്ചിരുന്നു.
രണ്ടു സുതന്മാരിലാരു താൻ താതന്റെ
കല്പന പാലിച്ചതെന്നുരച്ചീൻ,
കർത്താവിതു ചോദ്യം ചോദിക്കവെ, സർവരും
"മൂത്തകുമാര"നെന്നുൽഘോഷിച്ചു.
ദേശികനോതിനാൻ "ദൈവരാജ്യത്തിങ്കൽ
വേശ്യമാരും ചുങ്കക്കാരും പൂകും.
നീതിയും ധർമ്മവുമുൽഘോഷിച്ചിങ്ങെത്തി
നിർമ്മലനാം യോഹന്നാൻ സ്നാപകൻ.
പുണ്യചരിതനാമാപ്പരിശുദ്ധനെ
തെല്ലുമേ വിശ്വസിച്ചില്ലാ നിങ്ങൾ.
വേശ്യമാരും ചുങ്കക്കാരുമാവന്ദ്യനെ
വിശ്വസിച്ചീശനെ പൂജചെയ്തു.
പാപത്തെയോർത്തു പരിതപിക്കാൻപോലും
പാപരാം നിങ്ങൾക്കു തോന്നിയില്ല.

ന്ദയും ദൈവവേർപാടുമാകുന്ന നരകത്തിന്റെ അടിത്തട്ടിലും, ലാസർ ദൈവസാമീപ്യമാകുന്ന സ്വർഗ്ഗത്തിന്റെ സുഖാനുഭൂതിയിലും എത്തിച്ചേർന്നു.

പരലോകത്തിലെ പ്രതിഫലമോർത്തു ഇഹലോകത്തിൽ നാം കഷ്ടത വഹിക്കണമെന്നോ ദുരിതനിവാരണത്തിൽ നാം അശ്രദ്ധ കാണിക്കണമെന്നോ ഇതിനർത്ഥമില്ല. എന്നാൽ നമ്മുടെ യഥാർത്ഥ പൗരത്വം സ്വർഗ്ഗത്തിലാണെന്നും അവിടത്തെ നിത്യമായ വെളിച്ചത്തിൽ മാത്രമേ ഇഹലോകത്തിലെ അനിത്യമായ ദുഃഖങ്ങളെയും സുഖങ്ങളെയും നാം പരിഗണിക്കാവൂ എന്നുമുള്ള കാര്യം ഒരിക്കലും നാം വിസ്മരിച്ചുകൂടാത്തതാണ്. നമ്മുടെ സുഖദുഃഖങ്ങളെയും ലാഭനഷ്ടങ്ങളെയും കുറിച്ചുള്ള നമ്മുടെ മനോഭാവം ക്രിസ്തീയമാണോ? മറ്റുള്ളവരുടെ ദുരിതങ്ങളിൽ നാം ക്രിസ്തുവിന്റെ മനസ്സലിവു പ്രദർശിപ്പിക്കുന്നുണ്ടോ? സഭയിലും സമുദായത്തിലും നമ്മുടെ കർത്തവ്യങ്ങൾ നാം നിർവ്വഹിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾക്കു ക്രിസ്തീയമായ ഉത്തരം നൽകുവാനും അതു നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ.

കൈപ്പററി

മാർ ഇഗ്നാത്യോസ് സഹദാ

ഗ്രന്ഥകർത്താ:
പി. സി. അൻഡ്രൂസ് ബി. എ.
കുറിച്ചി.
വില അണ 10

പൂനാ ഓർത്തഡോക്സ് സുറിയാനി പള്ളിയുടെ പ്രഥമ വാർഷിക റിപ്പോർട്ട് (1953).

വേദവായനക്കുറിപ്പുകൾ

തിങ്കൾ. മത്തായി 27. 1—5; ലൂക്കോ 15. 1—2.

കർത്താവിനോടു അവിശ്വാസ്യരും ശത്രുക്കളുമായി വർത്തിച്ചവർക്കു് അവിടുത്തെപ്പററി ഉണ്ടായ അഭിപ്രായങ്ങൾ എന്തായിരുന്നു. തന്നെപ്പററി അവരുടെ ആരോപണങ്ങൾ എന്തായിരുന്നിരിക്കാം. യഹൂദപാരമ്പര്യങ്ങളെ അവഗണിക്കുന്ന ഒരു പുരോഗമനവാദി, അധസ്ഥിതരെയും അധകൃതരെയും സ്വാഗതം ചെയ്യുന്ന ഒരു ഉൽപതിഷ്ണു. മററുപാപികളോടും കഴിക്കുന്ന ഒരു ദയാശീലൻ. ഇവയൊക്കെ ആയിരുന്നിരിക്കുമല്ലൊ അവരുടെ ചിന്താഗതി. തന്നിൽ യാതൊരു കുററവും ദർശിക്കുവാൻ കഴിയാതിരുന്ന നാടുവാഴിയായ പീലാത്തോസ് നിരപരാധിയെ ചതിച്ചതു നിമിത്തം ആത്മഹത്യ ചെയ്ത യൂദാ ഇവരെക്കുറിച്ചെല്ലാം ചിന്തിക്കുക. സുവിശേഷങ്ങൾ കർത്താവിൻറെ സ്നേഹിതന്മാരുടെ പ്രശംസകളിലും അധികമായി തൻറെ ശത്രുക്കളുടെ ആരോപണങ്ങൾ ഉൾക്കൊള്ളുന്നവയത്രേ. തൻറെ അധികാരശക്തിയാൽ അത്ഭുതസ്തബ്ധരായ പട്ടാളക്കാർ, തൻറെ സൌമ്യതയാൽ ആകർഷിതരായ ശിശുക്കൾ, തൻറെ ആത്മീയവിശിഷ്ടതകളാൽ നമ്രശിരസ്കരായ സ്ത്രീകൾ. പ്രത്യാശാ നിർഭരമായ ആശ്രയത്താൽ ഒരു നൂതന ജീവിതത്തിലേക്ക് നീതരായ പാപികൾ, നീതിയ്ക്കു വേണ്ടിയുള്ള നിർഭയമായ ആഹ്വാനത്താൽ ഉൽസുകനായ ഒരു പ്രവാചകൻ. തൻറെ വശിഷ്ട ഗുണങ്ങളാൽ ആകർഷിതരായവരുടെ ഒരു ചെറുപട്ടികയാണു മേലുദ്ധരിച്ചിരിക്കുന്നതു്. തൻറെ ശത്രുക്കൾ ഏതു കുററങ്ങൾക്കു വേണ്ടി തന്നെ കുററം വിധിച്ചുവോ ആ കുറവുകൾ ഇന്നു് നമുക്കു് വിശിഷ്ടഗുണങ്ങളായി രൂപാന്തരപ്പെട്ടിരിക്കുന്നു.

നമ്മുടെ കർത്താവിൽ ദൃശ്യമായിരുന്ന സ്വഭാവ വൈശിഷ്ട്യത്തിൻറെ വിവിധവശങ്ങളെപ്പററിയാണു് കഴിഞ്ഞ ഏതാനും വാരങ്ങളായി നാം ചിന്തിച്ചുകൊണ്ടിരുന്നതു്. അതു സമാപിച്ചിട്ടു കർത്താവു നൽകുന്ന സന്ദേശമെ
[illegible]ാണെന്നുള്ളതിനെപ്പററി ഈ ആഴ്ചമുതൽ
[illegible]ചിന്തിക്കുവാൻ ആരംഭിക്കയാണു്. അ
[illegible] ആധാരമായി സ്വീകരിച്ചിരിക്കു
[illegible]" The Bible Reading Fell-
[illegible] ship വകയായി അനുക്രമം പ്ര
[illegible]പ്പെടുത്തി വരുന്ന കുറിപ്പുകളുടെ
[illegible]മാണെന്നുള്ളതു് ഇവിടെ പ്ര
[illegible]ത്രേ.

ചൊവ്വാ. മർക്കോസ്. 9. 2–8.

ഇന്നു് നാം വായിച്ച സംഭവം നടക്കുന്നതിനു് ഏതാണ്ടു് ഒരാഴ്ചമുമ്പു മാത്രമാണു് "നീ ക്രിസ്തു ആകുന്നു" എന്നു പത്രോസ് ഏററു പറയുവാനിടയായതു്. എന്നാൽ മനുഷ്യപുത്രൻ സഹിക്കുവാനിരിക്കുന്ന കഷ്ടതയുടെയും പ്രയാസങ്ങളുടെയും വിവരങ്ങളെപ്പററി അടുത്ത ദിവസങ്ങളിൽ കേൾക്കുവാനിടയായതു് പത്രോസിനു നിരാശാജനകമായ വാർത്ത ആയിരുന്നു. ആ ദിവസങ്ങളിൽ പത്രോസിൻറെ ചിന്താഗതികളെന്തായിരിക്കാം. ദൈവത്തിൻറെ ക്രിസ്തുവിനോടു കൂടെയുള്ള ജീവിതത്തെപ്പററി പത്രോസിനുണ്ടായിരുന്ന ഭാവനാ ചിത്രങ്ങളും തനിക്കുണ്ടാകുവാൻ പോകുന്ന അനുഭവങ്ങളെപ്പററി കർത്താവു നൽകിയ വിവരണവും എത്രമാത്രം വിരുദ്ധമായിരുന്നു. നമ്മുടെ മോഹനങ്ങളായ ഭാവനാചിത്രങ്ങളും ജീവിതയാഥാർത്ഥ്യങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മയുടെ ഒരു ഏകദേശ ചിത്രമല്ലേ നാമിവിടെ കാണുന്നതു്. ആ ആഴ്ചയുടെ അവസാനം കർത്താവു് പത്രോസും മററു ചിലരുമായി മലമുകളിലേക്കു് പോയി. എന്തിനു്? ചില സത്യങ്ങൾ ഏതാണ്ടുള്ളതുപോലെ അവരെ ഗ്രഹിപ്പിക്കുന്നതിനു ദൈവത്തിൻറെ മഹത്വത്തിൻറെ ഒരു ഛായ അവർ അവിടെ കണ്ടു. കഷ്ടതയും മഹത്വവും പരസ്പരവിരുദ്ധങ്ങളായ രണ്ടുകാര്യങ്ങളായിരിക്കണമെന്നില്ല. മഹത്വം വെളിപ്പെടുത്തുന്നതിനു് കഷ്ടത അനുഭവിക്കേണ്ടതാവശ്യമായിരിക്കും. ഭൗമികമായി താരതമ്യം അർഹിക്കാത്ത തൻറെ മഹൽദാനങ്ങൾ തരുന്നതിനു് ദൈവം നമ്മെയും ക്ഷണിക്കുന്നുണ്ടു്. അതിനു് പ്രയാസങ്ങളും കഷ്ടതകളും അഭിമുഖീകരിക്കേണ്ടിവരുമ്പോൾ ദൈവീക വീക്ഷണത്തോടെ അവയെ കാണുവാൻ നമുക്കു ശ്രമിക്കേണ്ടിയിരിക്കുന്നു.

ബുധൻ. ലൂക്കോസ് 15. 1 – 9.

കർത്താവു് ഇവിടെ പറഞ്ഞിരിക്കുന്ന ഉപമ സാമാന്യം വിശദമാണു്. ഭൗതികമായ സുഖസൗകര്യങ്ങൾ സമ്പാദിക്കുന്നതിലും ക്രമീകരിക്കുന്നതിലും ഭൗതിക മനസ്ക്കരായ മനുഷ്യർ പ്രദർശിപ്പിക്കുന്നത്ര ബുദ്ധിയും ആലോചനയും ക്രിസ്ത്യാനികളായ ഓരോരുത്തരും അവനവൻറെ ആത്മീകകാര്യങ്ങളിൽ പ്രദർശിപ്പിച്ചിരുന്നു എങ്കിൽ അതെത്ര നന്നായിരുന്നു. ദൈവത്തിൻറെ നല്ല നല്ല ദാനങ്ങളെ ദുർവ്യയം ചെയ്യുന്നതിൽ നാം ഓരോരുത്തരും കുററം വിധിക്കപ്പെടേണ്ടവരാണു്. നമുക്കു നൽകപ്പെട്ടിരിക്കുന്ന വിലയേറിയ സമയം നാമെപ്രകാരം ചെലവഴിക്കുന്നു എന്നു ചിന്തിക്കുക. കഴിഞ്ഞ ഒരാഴ്ചക്കാലത്തേക്കു് ഒന്നു തിരിഞ്ഞുനോക്കിയാൽ നാം നമ്മെത്തന്നെ കുററപ്പെടുത്തേണ്ടിവരുമോ? മററുള്ളവരുടെ ന്യൂനതകൾ പൊന്തിച്ചു കാണിക്കുന്നതിലും പ്രയോജനശൂന്യമായ ഇതരമാർഗ്ഗങ്ങളിലും നാം സമയം ചെലവഴിച്ചിട്ടുണ്ടോ? ഈ ഒരു ദിവസത്തെപ്പററി ചിന്തിക്കുക. ഈ ദിവസം ദൈവം നൽകുന്ന അവസരങ്ങളെ തൻറെ തിരുവിഷ്ടത്തിനനുയോജ്യമായ വിധം മാത്രം ചെലവഴിക്കുവാൻ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു് നമുക്കൊരു തീരുമാനം ചെയ്യുവാൻ കഴിയുമോ?

വ്യാഴം. 1. കൊരി. 2. 9–12.

ദൈവം നമുക്കു നൽകിയിരിക്കുന്ന ലോകം എത്ര മനോഹരമെന്നു് നാം മനസ്സിലാക്കിയിരുന്നു എങ്കിൽ! നമ്മുടെ പ്രാർത്ഥനാവേളകളിൽ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കുവാൻ ദൈവം എപ്പോഴും സന്നദ്ധനാണു്. അതു് കൈക്കൊള്ളുവാനുള്ള സന്നദ്ധത നമുക്കാവശ്യമായിരിക്കുന്നു. വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന സമ്മാനം വാങ്ങിക്കുവാൻ ഒരു ശിശു അതിൻറെ പിതാവിനെ ഏതൊരു മനോഭാവത്തോടെ സമീപിക്കുമോ തത്തുല്യമായ ഒരുക്കത്തോടുകൂടെ വേണം നാമും ദൈവത്തെ സമീപിക്കുവാൻ. ദൈവം സൗജന്യമായി നൽകുന്ന ദാനങ്ങളെ നാം സ്വീകരിച്ചാൽ മാത്രം പോരാ, ആ ദാനങ്ങളെ വിവേചനാബുദ്ധിയോടുകൂടെ കൈക്കൊള്ളുവാൻ പരിശുദ്ധാത്മസഹായവും നമുക്കു് ആവശ്യമത്രെ. ദൈവത്തിൻറെ ആഴമേറിയ സത്യങ്ങളെ വെളിപ്പെടുത്തിത്തരുന്നതു് പരിശുദ്ധാത്മാവാകുന്നു. ദൈവത്തിൻറെ ജ്ഞാനം മനുഷ്യബുദ്ധിക്കതീതമായ രഹസ്യമത്രെ. അതുകൊണ്ടു് ആ ജ്ഞാനം ഗ്രഹിക്കുവാൻ മനുഷ്യൻ ദൈവാത്മാവിനാൽ നയിക്കപ്പെടേണ്ടതാവശ്യമാകുന്നു.

വെള്ളി. മത്തായി. 12. 38–42

യേശുവും ശിഷ്യന്മാരും യഹൂദപാരമ്പര്യത്തിനു വിരുദ്ധമായി പലതും ചെയ്തിരുന്നു. താൻ അധികാരത്തോടെ സംസാരിക്കുകയും പലർക്കും രോഗശാന്തി നൽകുകയും പലരെയും സഹായിക്കുകയും ചെയ്തിരുന്നു എങ്കിലും അവർക്കു് തന്നിൽ വിശ്വസിക്കുവാൻ കഴിഞ്ഞിരുന്നില്ല. അസാധാരണവും അത്ഭുതകരവുമായ എന്തെങ്കിലും പ്രവർത്തിച്ചാൽ അവർ തന്നിൽ വിശ്വ-

സിക്കാമെന്നായിരുന്നു അവരുടെ ഭാവം. എന്നാൽ താൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി മാത്രം യാതൊരു അത്ഭുത കൃത്യവും പ്രവർത്തിക്കുവാൻ താൻ സന്നദ്ധനല്ലായിരുന്നു. സ്വാഭാവികമായ ഗതിയിൽ തന്നിൽ ദൃശ്യമായിരുന്ന സത്യനിഷ്ഠയും സ്വഭാവ വൈശിഷ്ട്യവും അവരുടെ ദൃഷ്ടിയിൽ പെടേണ്ടതായിരുന്നു. ചില കാര്യങ്ങൾ സത്യവും ശരിയുമാണെന്ന് ആന്തരികമായ ഒരു വിശ്വാസം നമുക്കുണ്ടാകാറുണ്ട്. ആ വിശ്വാസത്തിന്റെ അഭാവത്തിൽ എന്തെല്ലാം കൂടുതൽ അത്ഭുതങ്ങൾ കണ്ടാലും അതൊന്നും വിശ്വാസകരമായി തീരാറില്ല. യേശു തമ്പുരാൻ സത്യം സംസാരിക്കുന്നു എന്ന് ധൈര്യം വരണമെങ്കിൽ തനിക്ക് ചെവി കൊടുക്കുകയും തന്റെ സന്ദേശത്തിനും ആത്മാവിനും നമ്മിൽ പ്രവർത്തിക്കുവാൻ ഒരവസരം കൊടുക്കേണ്ടതും ആവശ്യമത്രേ. അതിനു സന്നദ്ധത ഇല്ലാത്തവർ എന്തുതന്നെ കണ്ടാലും വിശ്വസിക്കുവാൻ പോകുന്നില്ല. ക്രിസ്തുവിനെ അനുസരിച്ച് തന്റെ തിരുവിഷ്ടം നിറവേറ്റുന്നതിന് നാം നമ്മെതന്നെ വിധേയരാക്കുക. അപ്പോൾ നാമറിയും താൻ ആരാൽ അയക്കപ്പെട്ടെന്നും തന്റെ ശക്തി എത്രയെന്നും.

ശനി. മത്തായി. 11. 2 6.

കാരാഗൃഹത്തിലായിരുന്ന യോഹന്നാൻ യേശു ആരെന്ന് സാക്ഷി പറഞ്ഞവനായിരുന്നു. എങ്കിലും നിരപരാധിയായ താൻ ബന്ധനസ്ഥനാകുകയും തന്റെ പ്രതീക്ഷാനുസരണം ദൈവരാജ്യം സമാഗതമാകാതിരിക്കുകയും ചെയ്തപ്പോൾ യേശുവിനെപ്പററി സംശയിക്കുവാൻ തുടങ്ങി. നമ്മിൽ ഉത്തമന്മാരായവർപോലും ചില അവസരങ്ങളിൽ സംശയഗ്രസ്തരാകാറുണ്ട്. ഇന്നത്തെ ലോകത്തിന്റെ ഗതിവീക്ഷിക്കുന്നവരും യേശു യഥാർത്ഥത്തിൽ ദൈവപുത്രനോ എന്ന സംശയിച്ചേക്കാം. എന്നാൽ അങ്ങിനെയുള്ള സംശയഗ്രസ്തർക്ക് യേശു നൽകുന്ന മറുപടി എന്താണ്? മനുഷ്യരിൽ ആന്തരികമായി ഉണ്ടാകുന്ന വ്യതിയാനഫലമായി ഒരു നൂതന ലോകത്തെ സൃഷ്ടിക്കുവാനാണ് യേശു വന്നത്. നന്മയുടെയും സ്നേഹത്തിന്റെയും ആത്മാവ് പ്രവർത്തിക്കുന്നതിന്റെ ഫലമായിട്ടേ അത് സാദ്ധ്യമാകൂ. ലോകത്തിലുണ്ടായിട്ടുള്ള [illegible]മാററങ്ങൾക്കെല്ലാം കാരണം അവിടുത്തെ ആത്മാവിൽ പ്രവർത്തിക്കുവാൻ ചിലരെങ്കിലും സന്നദ്ധരായിരുന്നു എന്നതാണ്. തന്റെ മാർഗ്ഗം ഒരുപക്ഷെ മന്ദഗതിയിലായിരിക്കാം പുരോഗമിക്കുന്നതെങ്കിലും സുനിശ്ചിതമായ മാർഗ്ഗം അതുമാത്രമാണ്. പരിസരങ്ങൾ അന്ധകാരമയമായിക്കാണുമ്പോഴും തന്നിൽ നമുക്കു വിശ്വസിക്കാം. എന്തുകൊണ്ടെന്നാൽ പരാജയം വിജയമായി രൂപാന്തരപ്പെടുത്തിയവനാണ് നമ്മുടെ നേതാവ്.

മാസത്തിൽ 2000 മൈൽ യാത്രചെയ്യുന്ന

ഒരുപള്ളിവികാരിയുടെ ജോലി

(തോമസ് ചെറിയാൻ)

അമേരിക്കയിൽ ഇററലിയിൽനിന്നും വളരെയാളുകൾ കുടിയേറിപ്പാർത്തിട്ടുണ്ട്. ഒന്നുമില്ലാതെ വന്നുചേർന്നിട്ടുള്ള പലരും അവിടെവന്ന് നല്ല നിലയിലായിത്തീർന്നിട്ടുണ്ട്. ഇററലിയിൽനിന്നു വന്നു കുടിയേറിപ്പാർത്തിട്ടുള്ളവർക്ക് ഇററാലിയൻ ഭാഷതന്നെ സംസാരിക്കുന്ന പുരോഹിതന്മാർ ഉണ്ടായാൽ കൊള്ളാമെന്നാഗ്രഹമുണ്ടായി. അമേരിക്കയിലെ റോമൻകത്തോലിക്കരിൽ ഭൂരിപക്ഷവും അയർലണ്ടിൽനിന്നും കുടിയേറിപ്പാർത്തിട്ടുള്ളവരാണ്. അതിനാൽ 1920-ൽ ഒരുസംഘം പുരോഹിതന്മാരെ ഇററലിയിൽനിന്നും അയച്ചു. അവരവിടെ ഇററലിക്കാർ അധികമായി താമസിക്കുന്ന പ്രദേശങ്ങളിൽ പള്ളിവച്ച് ഇററാലിയരുടെ ആത്മീകാവശ്യങ്ങൾ നിർവഹിച്ചുവരുന്നു. അമേരിക്കയിൽനിന്നും പ്രസിദ്ധംചെയ്തുവരുന്ന സചിത്ര വാരികയായ 'ലൈഫ്' അതിന്റെ ഒരു ലക്കത്തിൽ അൻപതു കൊല്ലത്തിനു മുൻപ് കുടിയേറിപ്പാർത്ത ലാവാൽസ് എന്നയാളുടെ ചരിത്രം പ്രസിദ്ധം ചെയ്തിരുന്നു. അൻപതു കൊല്ലങ്ങൾക്കു മുൻപ് ഒരു ജ്യേഷ്ഠസഹോദരൻ കപ്പൽകൂലി കൊടുത്തതുംകൊണ്ട് ന്യൂയോർക്കിൽ വന്നുചേർന്ന ലാവാൽസ് അൻപതു കൊല്ലത്തിനുശേഷം മക്കളും മക്കളുടെ മക്കളുമായി സന്തോഷകരമായി കുഡുംബജീവിതം നയിച്ചുവരുന്നതിന്റെ ചരിത്രമാണ് അതിൽ നൽകിയിരിക്കുന്നത്. ആ കൂട്ടത്തിൽ ലാവാൽസ് താമസമുറപ്പിച്ച പോകീപ്സി എന്ന ചെറുപട്ടണത്തിലെ ഇററാലിയൻ പള്ളിയേയും പള്ളി വികാരിയേയും കുറിച്ച് പറഞ്ഞിരിക്കുന്നത് എന്നെ വളരെയാകർഷിച്ചു.

പള്ളിവികാരി ഫാദർ സാൽവറേറാർ കാൻററോർ 1920-ൽ വന്ന പുരോഹിത സംഘത്തിൽപ്പെട്ടയാളാണ്. അദ്ദേഹം ഇടവകയിലെ എല്ലാ ഭവനങ്ങളും ഇടയ്ക്കിടക്ക് സന്ദർശിക്കുന്നു. അദ്ദേഹത്തെക്കുറിച്ച് 'ലൈഫ്' പറയുന്നതിങ്ങനെയാണ്. "അദ്ദേഹം കാൽനടയായും കാറിലുമായി മാസത്തിൽ ഏതാണ്ട രണ്ടായിരം മൈലോളം സഞ്ചരിച്ച് ഇടവകയിൽ അവസാനമില്ലാതെ ചുററുന്നതിനിടയ്ക്ക് അവർ അവരുടെ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ മുൻപാകെ വെയ്ക്കുന്നു." മാസത്തിൽ രണ്ടായിരം മൈൽ യാത്രചെയ്യുക! നമ്മുടെ ഏതെങ്കിലുംഒരു ഇടവകവികാരി 2000 മൈലെന്നല്ല, 20 മൈൽ ഇടവകയിലെ ഗൃഹങ്ങൾ സന്ദർശിക്കുവാനായി സഞ്ചരിക്കുന്നുവെങ്കിൽ അതൊരു അതിശയമായി കരുതണം, തീർച്ചതന്നെ. നമ്മുടെ സഭയിലെ പുരോഹിതനോട് 'അച്ചൻ, എന്താ ഇടവകാംഗങ്ങളുടെ ഗൃഹങ്ങൾ സന്ദർശിക്കാത്തതെന്ന് ചോദിച്ചതിന് 'അതെന്റെ ജോലിയിൽപെട്ടതാണെന്ന് തോന്നുന്നില്ല. ഏതെങ്കിലും ആവശ്യത്തിനു വിളിച്ചാൽ മാത്രം പോയാൽ മതിയല്ലൊ. മാത്രമല്ല, ഞാൻ വിളിക്കാതെ ചെല്ലുന്നത് അവർക്ക് എത്രത്തോളം ഹിതമായിരിക്കുമെന്നെങ്ങനെ അറിയാം" എന്നാണദ്ദേഹം മറുപടി പറഞ്ഞത്. ഏഴു പുരോഹിതന്മാരുള്ള നമ്മുടെ ഒരു പള്ളിയിൽ ആവശ്യത്തിന് അച്ചന്മാരെ കിട്ടാഞ്ഞ് പുറമെ നിന്നൊരു പുരോഹിതനെ ഇടവകക്കാർ വരുത്തി താമസിപ്പിച്ച കഥ ഒരിക്കൽ ഒരു സ്നേഹിതൻ എന്നോടു പറയുകയുണ്ടായി.

ഈയിടെ ഒരുഫ്രഞ്ചു സുഹൃൽസംഘം എറണാകുളത്തു വരികയുണ്ടായി. അവരിൽ കത്തോലിക്കർ ധാരാളമുണ്ടാ... യിരുന്നു. ഒരു സുഹൃൽസമ്മേളനത്തി... ൽവെച്ചു കണ്ട എന്നോട് അവരി... ചിലർ ഇവിടത്തെ കത്തോലിക്കരെ... റിച്ചുംമററും ചോദിച്ചു. ആ സമയം ... രാപ്പുഴ ആർച്ചുബിഷപ്പ് ഡോ. അ... പ്പേററിതിരുമേനിയെ കാണാനാ... മുണ്ടെന്നവർ പറയുകയുണ്ടായി. ഒ... ന്ദർശനം ഏർപ്പാടുചെയ്യുന്ന കാ... ൽ അദ്ദേഹത്തിന്റെ സെക്ര... ൽ ഒരാളോടു ഞാൻ ഫോണി... ച്ചപ്പോൾ, ആർച്ചുബിഷപ്പ്...

ക്രിസ്തു മർദ്ദനങ്ങളെ അതിജീവിക്കുന്നു

(ഡോ. ആർ. പീയേഴ്സ്)

[ദീർഘ വർഷങ്ങൾ കൊറിയായിൽ മിഷനറി പ്രവർത്തനം നടത്തിയശേഷം അടുത്തകാലത്ത് മടങ്ങിയെത്തിയ ഡോ. റോബർട്ട് പീയേഴ്സ് ഓറിയന്റ് ഇവാഞ്ചലിക്കൽ സൊസൈറ്റിയുടെ ഒരു പ്രമുഖ മിഷനറിയാണ്.]

ക്രൈസ്തവ മാർഗ്ഗത്തെ നിഹനിക്കുന്നതിന് ഇതര മതങ്ങൾക്കോ മാർഗ്ഗങ്ങൾക്കോ ശക്തിയില്ലായെന്നു നൂറ്റാണ്ടുകളിലെ ചരിത്രം വ്യക്തമാക്കുന്നു. പക്ഷെ ഇതരമതസ്ഥർ ക്രിസ്തുവിനെ ദുഷിക്കുവാനോ, തന്നെ ശ്രദ്ധിക്കാതിരിക്കുവാനോ തടസ്സമായിരുക്കാൻ ക്രിസ്ത്യാനികൾക്ക് സാധിച്ചേക്കാം. നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു വസ്തുതയാണതു്. അമേരിക്കയിലെ പ്രേക്ഷാപലകരും ക്രിസ്ത്യാനികൾ ഭാരതത്തിലെ ജനങ്ങൾക്കും വിശിഷ്യ കേരളക്രിസ്തീയസഭക്കും വേണ്ടി പ്രാർത്ഥിക്കുന്നു എന്നു ഞാൻ നിങ്ങളെ അറിയിക്കട്ടെ.

ക്രിസ്തീയസഭക്കു ഏതു കാലത്തും സത്യസാക്ഷികളായി നിൽക്കുന്നതിനുള്ള ദർശനവും ശക്തിയും ലഭ്യമാണെന്നു സമീപകാലത്തെ സംഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഞാൻ കൊറിയായിൽനിന്നു അടുത്ത കാലത്താണു മടങ്ങിവന്നതു്. അവിടെ ദേവാലയങ്ങളുടെ നഷ്ടാവശിഷ്ടങ്ങൾ മാറ്റിക്കൊണ്ടിരിക്കയാണ് കൊറിയൻക്രിസ്ത്യാനികളുടെ മനോധൈര്യത്തെ നിഹനിക്കാൻ ഇതപര്യന്തം യാതൊരു ശക്തിക്കും സാധിച്ചില്ല. അവർ അഗ്നിപരീക്ഷക്കു വിധേയരായി. ബഹുസഹസ്രം കൊറിയൻ ക്രിസ്ത്യാനികൾ രക്തസാക്ഷികളായി വധിക്കപ്പെട്ടു.

നമ്മുടെ രക്ഷിതാവിന്റെ അന്തിമഘട്ടത്തിലെ ഒരു സംഭവം നമുക്കു പരിശോധിക്കാം. യോഹന്നാന്റെ സുവിശേഷം 18: 12—ൽ പട്ടാളവും സഹസ്രാധിപനും യഹൂദന്മാരുടെ ചേവകരുംകൂടി യേശുവിനെ പിടിച്ചുകെട്ടി ആ സംവത്സരത്തെ മഹാപുരോഹിതനായ ഹന്നാവിന്റെ അടുക്കലേക്കു കൊണ്ടുപോകയുണ്ടായി. തന്റെ ഔദ്യോഗികസ്ഥാനം കൈവെടിഞ്ഞ ഹന്നാവിന്റെ മുൻപാകെ യേശുവിനെ കൊണ്ടുപോയതു എന്തിനാണ്? ഹന്നാവിനു യേശുമശിഹായോടു കഠിനവിരോധമുണ്ടായിരുന്നതായി അനുമാനിക്കാൻ ന്യായമുണ്ട്. അനേക ശതം യഹൂദന്മാർ ഹന്നാവിന്റെ വാക്കുകളെ അവഗണിച്ചു യേശുവിന്റെ ദൂതു് കേട്ടതിനെ തുടർന്നായിരിക്കാം ഈ വെറുപ്പും വിദ്വേഷവും ആരംഭിച്ചതെന്നു വിചാരിക്കാം.

ജനങ്ങളെ ക്രിസ്തുവിങ്കൽ നിന്നും പിന്തിരിക്കുന്നതിന് അനേകം അനാശാസ്യ നടപടികൾ കൈക്കൊള്ളുകയുണ്ടായി. എന്നാൽ ക്രിസ്തുവാകട്ടെ ജനഹൃദയങ്ങളെ കവർന്നുകൊണ്ടിരുന്നതായി കാണുന്നു. ഹന്നാസിനു് ജനങ്ങളെ ചൂഷണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ നിരോധിച്ചതു മൂലമായിരിക്കാം യേശുവിനോടു വിരോധം ഉണ്ടായതു്. ദേവാലയത്തിലെ നാണയവ്യാപാരികളെ ഓടിക്കയുണ്ടായി. ആ ധീരപ്രവർത്തനം മൂലം പണക്കാരനു് ദേവാലയത്തിൽ സ്ഥാനമില്ലെന്നു സാധാരണക്കാർ മനസ്സിലാക്കി. ഹന്നാസ് പുരോഹിതന്റെ സ്വാധീനത്തിലായിരിക്കും ഈ ദേവാലയത്തിന്റെ പരിസരങ്ങളിൽ വ്യാപാരം നടത്തിവന്നതെന്നു അവർ മനസ്സിലാക്കി. ഹന്നാസവർകൾ രാഷ്ട്രീയമായും ലൗകികമായും കഴിയുന്നിടത്തോളം സ്വാധീനം ചെലുത്തുവാൻ പരിശ്രമിച്ചു. തന്റെ പദ്ധതികൾക്കു് യുവാവായ ക്രിസ്തു ഒരു നിത്യഎതിരാളിയാണെന്നു ഹന്നാസു ധരിച്ചിരുന്നു. ഈ സമയംകൊണ്ട് ഹന്നാസു തന്റെ ഉദ്യോഗത്തിൽ നിന്നും വിരമിച്ചിരുന്നു. എങ്കിലും ജനസംഘം യേശുവിനെ ഹന്നാവിന്റെ മുൻപാകെ കൊണ്ടുപോകുന്നു. മഹാപുരോഹിതൻ യേശുവിനോടു തന്റെ ശിഷ്യന്മാരെപ്പറ്റിയും ഉപദേശത്തെക്കുറിച്ചും ചോദിച്ചു. (യോഹ. 18 വാക്യം 19) യേശുവിനോടു ചോദിച്ച രണ്ടാമത്തെ ചോദ്യത്തിനാണു താൻ ആദ്യമായി ഉത്തരം പറവാൻ ഉദ്യമിച്ചതു്. എന്റെ ഉപദേശമെല്ലാം പരസ്യമായിട്ടായിരുന്നു രഹസ്യമായിട്ടൊന്നും ഞാൻ സംസാരിച്ചിട്ടില്ല. ഞാൻ സംസാരിച്ചതു് കേട്ടവരോടു ചോദിക്ക എന്നു ഉത്തരം പറഞ്ഞു. പക്ഷേ തന്റെ ശിഷ്യന്മാരെക്കുറിച്ചു ഒന്നും പറകയുണ്ടായില്ല. യേശുവിനെ ചോദ്യം ചെയ്യുന്ന സമയം പത്രോസ് കൊട്ടാരത്തിനു വെളിയിൽ നിന്നുകൊണ്ടു തള്ളിപ്പറയുന്നതായി ചാരന്മാർ ഈ സമയം അറിയിച്ചു കാണണം. അതുകൊണ്ടാണ് ഹന്നാസു ശിഷ്യന്മാരെപ്പറ്റി ചോദിച്ചതു്. ഈ സമയം യൂദയെപ്പറ്റി എന്തുകൊണ്ടു ചോദിച്ചില്ല. ഒരുപക്ഷേ യൂദാ കൊണ്ടുവന്ന വെള്ളിക്കാശു് ഹന്നാസിന്റെ മടിശീലയിൽ നിന്നായിരിക്കുമെന്നു എല്ലാവർക്കും അറിയാമായിരുന്നിരിക്കണം. യേശു തന്റെ ശിഷ്യന്മാരെപ്പറ്റി ഒരുവേള ആ സമയം ദുഃഖിതനായിരുന്നിരിക്കാം. യേശുവിനെയും തന്റെ സന്ദേശത്തെയും തിരോധാനം ചെയ്യുന്നതിനു ഇന്നൊരു വൻശക്തി കച്ചകെട്ടിയിറങ്ങിയിരിക്കയാണ്.

ലോകത്തിന്റെ പകുതിയോളം ഭാഗത്തെ ദൈവത്തെയും തന്റെ പുത്രനായ ക്രിസ്തുവിനെയും വിപാടനം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്ന കമ്യൂണിസം തലയെടുത്തിരിക്കുന്നു. സഭ

സന്ദർശനാർത്ഥം അടുത്തൊരിടത്തേക്കു പോയിരിക്കുകയാണെന്നും അവിടെ ഏതാണ്ടു പതിനഞ്ചു ദിവസം താമസിച്ചു അവിടത്തെ ഇടവകക്കാരുടെ രണ്ടായിരത്തോളം ഗൃഹങ്ങൾ സന്ദർശിച്ച ശേഷമേ മടങ്ങി വരികയുള്ളു എന്നുമാണ് മറുപടി കിട്ടിയതു്. കാലത്തു എട്ടുമണിക്കു തിരിച്ചാൽ ഉച്ചഭക്ഷണത്തിനായി ഒരു മണിയോടുകൂടി തിരിച്ചെത്തുകയും വിശ്രമത്തിനു ശേഷം വീണ്ടും മൂന്നു മണിക്കിറങ്ങിയാൽ രാത്രി 8മണിക്കു് മടങ്ങിവരികയും ചെയ്യുകയാണു് അദ്ദേഹത്തിന്റെ പ്രതിദിന പരിപാടി. ഒരു ക്ലിപ്തസമയത്തിനുള്ളിൽ അതിരൂപതയിലെ എല്ലാജനങ്ങളുടെയും വസതികൾ സന്ദർശിച്ചു തീർക്കണമെന്നാണദ്ദേഹത്തിന്റെ നിശ്ചയം. കഴിഞ്ഞ നാലു കൊല്ലങ്ങളായി ഈ പരിപാടി തുടർന്നുവരികയാണ്. ഈ കഥ പറഞ്ഞപ്പോൾ ഒരു മാന്യൻ എന്നോടു ചോദിച്ചതു്, ധനവാനെന്നോ ദരിദ്രനെന്നോ ഭേദമില്ലാതെ ഏതു വീട്ടിലും പോകുമോ എന്നായിരുന്നു. സമിതിഭേദമില്ലാതെ എല്ലാ വീടുകളും സന്ദർശിക്കുമെന്നറിഞ്ഞപ്പോൾ അദ്ദേഹം അതൊരു നല്ല കാര്യമാണല്ലോ എന്നു പറയുകയാണുണ്ടായതു്.

മെത്രാന്മാർ പോയിട്ടു് കത്തനാ[illegible]ർ ഇടവകയിലെ വീടുകൾ സന്ദർ[illegible]ക്കാത്ത നമ്മുടെ സഭയിൽ ഇതിനെ[illegible]റിച്ചു പറഞ്ഞിട്ടെന്തു കാര്യം? മറു[illegible]കൾ ദിവസംചെല്ലുന്തോറും പുരോ[illegible] പ്രാപിക്കുന്നതു് ഇത്തരം പരി[illegible]ൾ ശരിക്കു പ്രവർത്തിക്കുന്നതു[illegible]ണെന്നു് ഓർക്കേണ്ടതാണാവ

Licence NO. 498 Dated 20-8-1946 Reg. M. 5286

THE CHURCH WEEKLY

കളുടെ ഉള്ളിൽ നിന്നും ക്രിസ്തീയരാജ്യങ്ങളിൽ നിന്നുപോലും ക്രിസ്തുവിനെതിരായി ആയിരമായിരം കെണികൾ പുറപ്പെട്ടുകൊണ്ടിരിക്കയാണ്. ദക്ഷിണകൊറിയൻ സമരമേഖലയിലെ ക്രിസ്തീയ സഭകളുടെ മദ്ധ്യേ നാലുവർഷം താമസിച്ച ശേഷമാണു ഞാൻ വന്നത്. അറുനൂറിലധികം പട്ടക്കാരെയും ക്രിസ്തീയപ്രവർത്തകരെയും ബഹുസഹസ്രം ജനങ്ങളെയും അവിടെ നിഹനിക്കയുണ്ടായി. നാലു വർഷക്കാലംകൊണ്ടു പതിമൂവായിരത്തിലധികം ഗ്രാമങ്ങൾ ശൂന്യമാക്കപ്പെട്ടു. ഇങ്ങനെയൊക്കെയാണെങ്കിലും സംഘടിതമായ രാഷ്ട്രീയപ്രവർത്തനങ്ങൾക്കു ക്രിസ്തുവിന്റെ സഭയെ ഉന്മൂലനം ചെയ്വാൻ കഴിഞ്ഞില്ല. ഇതെല്ലാമായിട്ടും അനേകമനേകം പുതിയ ആരാധനാസ്ഥലങ്ങൾ ഉയർന്നുകൊണ്ടിരുന്നു. യുദ്ധമാരംഭിക്കുന്നതിനു മുൻപു ദക്ഷിണകൊറിയായിലെ മൂന്നാമത്തെ വലിയ പട്ടണമായ ടെയിഗു്വിലെ ഒരു പള്ളിയിൽ ഞാൻ പ്രസംഗിക്കയുണ്ടായി. അന്നവിടെ പതിനേഴു ദേവാലയങ്ങളേ ഉണ്ടായിരുന്നുള്ളു. എന്നാൽ നാലുവർഷത്തെ നിരന്തരമായ ക്രിസ്തീയപീഡനങ്ങൾക്കുശേഷം ഇപ്പോൾ അവിടെ നൂറ്റഞ്ചു ആരാധനാകേന്ദ്രങ്ങൾ രൂപവൽക്കരിക്കയുണ്ടായിട്ടുണ്ട്. ഇവയിൽ തൊണ്ണൂറ്റൊന്നും സ്വയംപര്യാപ്തങ്ങളാണ്. മർദ്ദനം, പട്ടിണി, മരണം, യുദ്ധം, ഇതൊന്നിനും സഭയെ ഇല്ലായ്മ ചെയ്വാൻ സാദ്ധ്യമായില്ല എന്നു കൊറിയാ വെളിവാക്കുന്നു. യേശുവിനെ തള്ളിപ്പറയുന്നതിനു ഒരു പത്രൊസിനെയും ഒററിക്കൊടുക്കുന്നതിനു ഒരു യൂദായെയും ഓടിപ്പോകുന്നതിനു എല്ലാ ശിഷ്യന്മാരെയും കൈക്കലാക്കാൻ സാത്താനു കഴിഞ്ഞു. ഇതിന്റെ കാരണമെന്താണ്? ശിഷ്യന്മാർ കുരിശിനെ വിസ്മരിച്ചു കഴിഞ്ഞിരുന്നു. ജനങ്ങൾ ഹർഷാരവങ്ങളാൽ എതിരേററ ക്രിസ്തുവിനെ മാത്രമെ അവർ ദർശിച്ചുള്ളു. ക്രൂശിന്റെ ലജ്ജ ഏല്ക്കുവാൻ അവർ ഒരുങ്ങിയിരുന്നില്ല. അവനോടുകൂടെ കഷ്ടമനുഭവിക്കാൻ അവർക്കു മനസ്സില്ലായിരുന്നു. സകലലോകത്തിന്റെയും പാപഭാരം വഹിച്ചുകൊണ്ടു യേശു [illegible] വരുമ്പോൾ ശിഷ്യന്മാർ ഉറങ്ങുകയായിരുന്നല്ലോ. ഉറങ്ങിയ ശിഷ്യന്മാർ പിന്നീടു തങ്ങളുടെ നാഥനെ രക്ഷിക്കാൻ ഐഹികായുധങ്ങൾ തിരക്കുന്നതായി കാണുന്നു. തങ്ങളുടെ അരുമനാഥനെ ശത്രുവിനു ചൂണ്ടി കാണിക്കാൻ ഹൃദയകാഠിന്യമുള്ള ഒരു യൂദാ കാണുമായിരിക്കും. നിങ്ങളെ ഇല്ലായ്മ ചെയ്വാൻ തിന്മയായവർ കാത്തിരിക്കുകയാണ്. നമ്മുടെ ക്രിയാത്മകമായ പല പ്രയത്നങ്ങളും നമ്മുടെ അരുമനാഥന്റെ ഹൃദയം തകർക്കുന്നവയായിരിക്കും. അവയെ ഓരോന്നായി ചൂണ്ടിക്കാണിച്ചുകൊണ്ടു ഹന്നായെപ്പോലെ ക്രിസ്തുവിനെ ശത്രു കുററപ്പെടുത്തുകയല്ലേ ചെയ്യുന്നത്. ഇൻഡ്യയിൽ ക്രിസ്തുമാർഗ്ഗത്തെ നിഹനിക്കുന്നതിനു ഇതരമാർഗ്ഗങ്ങൾക്കു ശക്തിയില്ല. പക്ഷെ ഇതരമതങ്ങൾ ക്രിസ്തുവിനെ ശ്രദ്ധിക്കാതിരിക്കത്തക്കവണ്ണം ക്രൈസ്തവസഹോദരങ്ങൾ തന്നെ സഭക്കു എതിർസാക്ഷികളായെന്നുവരാം.

ഇക്കാര്യം നാം വളരെ ശ്രദ്ധയോടെ ചിന്തിക്കേണ്ടതാണ്. യൂദാ നിരാശക്കുഴിയിൽ നിപതിക്കുമ്പോൾ പത്രൊസു അനുതാപകണ്ണുനീരിനാൽ പാപപരിഹാരം അർത്ഥിക്കുന്നതായി കാണുന്നു.

കർത്താവു തന്റെ ശിഷ്യന്മാർക്കു അനുതാപവും പാപമോചനവും നൽകിയ ശേഷം പരിശുദ്ധാത്മദാനംകൊണ്ടു അവരെ അഭിഷേകം ചെയ്യുന്നു. അനന്തരം ആത്മാവു നിറഞ്ഞവരായി അവർ ക്രൈസ്തവസഭാശില്പികളായിത്തീരുന്നുവെന്നു കാണുന്നു. നിങ്ങളുടെ ബലഹീനതയിൽ നിസ്സഹായരായി നോക്കിനിന്നവർ, നിങ്ങളുടെ വിജയത്തിൽ സന്തോഷഭരിതരായി ക്രിസ്തുനാഥനെ വാഴ്ത്തുന്നതു കാണാം. നമ്മുടെ പശ്ചാത്താപപ്രകടനത്തിൽ സാത്താനു നിരാശയാണ്.— പക്ഷെ നമ്മുടെ വിജയജീവിതത്തിൽ അവൻ അത്യന്തം കുണ്ഠിതപ്പെടുന്നു. ഈ ദിവസങ്ങളിൽ തന്റെ ഭക്തന്മാർ തങ്ങളുടെ പാപഭാരങ്ങളിൽനിന്നും വിമുക്തരാകുകയാണെങ്കിൽ സാത്താൻ പരാജിതനാകുന്നതാണ്. നാം നമ്മെത്തന്നെ ക്രിസ്തുവിന്റെ ആത്മാവിനു വിധേയമാക്കിയാൽ സാത്താൻ പരാജയപ്പെടുകയും ക്രിസ്തുരാജ്യം വിജയശ്രീലാളിതമാകുകയും ചെയ്യും. മാനസാന്തരത്തിനു ശേഷം ഞാൻ പതിനൊന്നാമത്തെ വയസ്സിൽ ക്രിസ്തീയപ്രവർത്തനം ആരംഭിച്ചതാണ്. എന്നാൽ അന്നു ഇരുപതു വയസ്സുണ്ടായിരുന്ന എന്റെ ജ്യേഷ്ഠൻ മാനസാന്തരപ്പെട്ടിട്ടില്ലായിരുന്നു. ആ ജ്യേഷ്ഠനോടു ക്രിസ്തുവിനെപ്പററി പറയണമെന്നു ഞാൻ ആഗ്രഹിച്ചെങ്കിലും [illegible] കൊണ്ടു സംസാരിപ്പാൻ ശ്രമിച്ചു. ഒടുവിൽ ജ്യേഷ്ഠനോടു ക്രിസ്തുവിനെപ്പററി സാക്ഷിക്കണമെന്നു എന്റെ മാതാവ് എന്നോടു ആവശ്യപ്പെടുകയുണ്ടായി. പ്രസംഗവേദിയിൽ നിൽക്കുന്ന പ്രസംഗികനായിട്ടല്ലാ പ്രത്യുത ഭക്ഷണമേശയിൽ കാണുന്ന എന്നെയാണ് എന്റെ സഹോദരൻ അറിഞ്ഞിരുന്നത്. ഞാൻ സധൈര്യം എന്റെ ജ്യേഷ്ഠനെ സമീപിച്ചു എന്റെ ബലഹീനതകൾ പറവാനാഗ്രഹിച്ചു. എന്റെ സ്വകാര്യജീവിതവും പൊതുജീവിതവും തമ്മിലുള്ള അന്തരത്തെപ്പററി പറവാൻ ശ്രമിച്ചതിൽ ജ്യേഷ്ഠൻ സന്തോഷിച്ചു. അതിദൂരമല്ലാത്ത കാലത്തിൽ എന്റെ ജ്യേഷ്ഠസഹോദരനും മാനസാന്തരത്തിലേക്കു വരികയുണ്ടായി.

നിങ്ങൾ ഏതുതരത്തിലുള്ള ശിഷ്യനാണ്. ദൈവം തന്റെ സഭയിൽ പ്രവർത്തിക്കാനാരംഭിക്കുമ്പോൾ നിങ്ങൾ തനിക്കു അനുകൂലമായിരിക്കുമോ. ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനം നിങ്ങളിൽ ഓരോരുത്തരിലുംകൂടെ നിർവഹിക്കപ്പെടേണ്ടതാണ്.

ഈ കൺവെൻഷൻകാലത്തിൽ അതിനായി ഒരു പ്രത്യേകദൂതു തന്റെ മക്കൾക്കു ദൈവം നൽകും. ആ ദിവ്യസന്ദേശത്തെ സ്വാഗതം ചെയ്യുന്നതിനും കല്പന ശിരസാ വഹിക്കുന്നതിനും നമുക്കു ഒരുങ്ങിയിരിക്കാം. തന്റെ രാജ്യത്തിനു മഹത്വമുണ്ടാകട്ടെ (മാരാമൺ കൺവെൻഷനിൽ ചെയ്ത പ്രസംഗം.)

ചർച്ച് വീക്ക്‌ലി വരിസംഖ്യ

	രൂ	ണ.	പ
ഒരു വർഷത്തേക്ക്	6	0	
ആറു മാസത്തേക്ക്	3	0	
ഒററപ്രതി	0	2	
ഇൻഡ്യക്കു വെളിയിൽ	8	0	

Printed and Published by N M. Abraham B.A. at the Malayala Manorama Press, Ko[illegible]